SUNNAH CLUB

# മരണപ്പെട്ടവർക്കു വേണ്ടിയുള്ള ഖുർആൻ പാരായണം

## മദ്ഹബുകളും പ്രമാണങ്ങളും

അബൂയാസീൻ അഹ്സനി ചെറുശ്ശോല

# മരണപ്പെട്ടവർക്ക് വേണ്ടി ഖുർആൻ പാരായണം

## പ്രമാണവും കർമ്മശാസ്ത്രവും

അബൂ യാസീൻ അഹ്സനി ചെറുശ്ശോല

SUNNAH CLUB

Click to follow us:

Sunnahclub.in

ഉള്ളടക്കം


1. പ്രമാണങ്ങളിൽ വായിക്കാം
2. “മരണപ്പെട്ടവരുടെ മേൽ യാസീൻ ഓതുവീൻ”
3. മദ്ഹബുകളുടെ വീക്ഷണത്തിൽ

4. ശാഫിഈ മദ്ഹബിൽ
   - ഇമാം ശാഫിഈ(റ) കല്പിക്കുന്നു.
   - ഖുർആൻ പാരായണത്തെ അംഗീകരിക്കുന്നു.
   - ഇമാം ശാഫിഈ(റ) ഖബ്റിങ്കൽ ഓതുന്നു.
   - ശിഷ്യർ ഇമാമിന്റെ ഖബറിന് ചാരെ ഓതുന്നു.
   - ഇബ്നു കസീറിന്റെ വാദവും മറുപടിയും
   - ഇബ്നു കസീർ തന്നെ മുൻഗാമികളിൽ നിന്ന്

5. പുത്തൻവാദികളുടെ നേതാക്കൾ തന്നെ പറയട്ടെ
   - ഇബ്നു തൈമിയ്യ

- ഇബ്നുൽ ഖയ്യിം
- ഇബ്നു അബ്ദുൽ വഹാബ്
- ഹാഫിളുദ്ദഹബി
- ഇബ്നു അബ്ദിൽ ഹാദി
- ശൌക്കാനി
- മുഹമ്മദ് ഇസ്മാഈൽ അസ്വൻആനി
- മുഹമ്മദ് ഇബ്റാഹീം ആലുശൈഖ്
- ഇബ്നു അബിൽ ഇസ്സ്
- സൗദീ ഗവൺമെന്റിന്റെ ആധികാരിക ഗ്രന്ഥം:

6. ഖുർആൻ ഓതി കൂലി വാങ്ങാമോ.?

# പ്രമാണങ്ങളിൽ വായിക്കാം

മരണപ്പെട്ടവർക്ക് വേണ്ടി ഖുർആൻ ഓതലും അതിന്റെ പ്രതിഫലം അവർക്ക് ഹദ്‌യ ചെയ്യലും പരിശുദ്ധ ഇസ്‌ലാം വ്യക്തമായി പഠിപ്പിച്ച കാര്യമാണ്. മരിച്ചവർക്ക് വേണ്ടിസ്വദഖ ചെയ്താൽ അതിന്റെ പ്രതിലംഅവർക്ക് ലഭിക്കും എന്നത് പരിശുദ്ധ ഇസ്ലാമിൽ ഇജ്‌മാഉ കൊണ്ട് സ്ഥിരപ്പെട്ട പോലെ മരിച്ചവർക്ക് വേണ്ടി ഖുർആൻ ഓതിയാൽ അവർക്ക് ഉപകാരം ലഭിക്കുമെന്ന വിശയത്തിലും മുസ്ലിംകൾക്കിടയിൽ തർക്കമില്ല. ഇമാം ത്വബ്റാനി(റ) അടക്കം നിരവധി ഇമാമീങ്ങൾ റിപ്പോർട്ട് ചെയ്ത സ്വഹീഹായ ഹദീസ് നമുക്ക് നോക്കാം.

٤٩١ - حَدَّثَنَا أَبُو أُسَامَةَ عَبْدُ اللهِ بْنُ مُحَمَّدِ بْنِ أَبِي أُسَامَةَ الْحَلَبِيُّ، ثنا أَبِي، ح وَحَدَّثَنَا إِبْرَاهِيمُ بْنُ دُحَيْمٍ الدِّمَشْقِيُّ، ثنا أَبِي، ح وَحَدَّثَنَاالْحُسَيْنُ بْنُ إِسْحَاقَ التُّسْتَرِيُّ، ثنا عَلِيُّ بْنُ بَحْرٍ، قَالُوا: ثنا مُبَشِّرُ بْنُ إِسْمَاعِيلَ، حَدَّثَنِي عَبْدُ الرَّحْمَنِ بْنُ الْعَلَاءِ بْنِ اللَّجْلَاجِ، عَنْ أَبِيهِ، قَالَ: قَالَ لِي أَبِي: «يَا بُنَيَّ إِذَا أَنَا مُتُّ فَأَلْحِدْنِي، فَإِذَا وَضَعْتَنِي فِي لَحْدِي فَقُلْ: بِسْمِ اللهِ وَعَلَى مِلَّةِ رَسُولِ اللهِ، ثُمَّ سِنَّ عَلَيَّ الثَّرَى سِنًّا، **ثُمَّ اقْرَأْ عِنْدَ رَأْسِي بِفَاتِحَةِ الْبَقَرَةِ وَخَاتِمَتِهَا، فَإِنِّي سَمِعْتُ رَسُولَ اللهِ ﷺ يَقُولُ ذَلِكَ**>

- المعجم الكبير للطبراني ٢٢٠/١٩ — الطبراني (ت ٣٦٠)
- تاريخ دمشق لابن عساكر ٢٩٧/٥٠

Sunnahclub.in

- شرح الصدور بشرح حال الموتى والقبور ١٠٩/١ — الجلال السيوطي (ت ٩١١)

ഇബ്നു അലാഉ ലജ്.ലാജ്(റ) സ്വഹാബിയായ തന്റെ പിതാവിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു. അവിടുന്ന് പറഞ്ഞു. “മകനെ, ഞാൻ മരണപ്പെട്ടാൽ നീ എന്നെ ഖബ്റിൽ വെക്കുന്ന സമയത്ത് ‘ബിസ്മില്ലാഹി വഅലാ മില്ലതി റസൂലില്ലാഹ്.!’ എന്ന് പറയണം. പിന്നെ എന്റെ മേൽ മണ്ണ വാരിയിടണം. പിന്നെ എന്റെ തല ഭാഗത്ത് വെച്ച് ബഖറ സൂറത്തിന്റെ തുടക്കവും അവസാനവും ഓതണം. കാരണം: ഞാൻ റസൂൽ(സ്വ) തങ്ങൾ ഇങ്ങനെ ചെയ്യാൻ പറയുന്നതായി കേട്ടിട്ടുണ്ട്.”
**(ത്വബ്റാനി:19/220)**

ഹദീസ് നിദാന ശാസ്ത്രത്തിലെ ഏറ്റവും പ്രസിദ്ധമായ മഹാൻ ഇമാം നൂറദ്ധീനുൽ ഹൈസമി(റ) ഈ ഹദീസിനെ കുറിച്ച് പറയുന്നു.

رَوَاهُ الطَّبَرَانِيُّ فِي الْكَبِيرِ، وَرِجَالُهُ مُوَثَّقُونَ. **(مجمع الزوائد ومنبع الفوائد ٤٤/٣ — نور الدين الهيثمي)**

ഈ ഹദീസിന്റെ പരമ്പരയിലുള്ള മുഴുവൻ കണ്ണികളും സുദൃഢമാക്കപ്പെട്ടവരാണ്." **(മജ്മഉസ്സവാഇദ്:3/44)**

ഇത് ഒറ്റപ്പെട്ട സംഭവമല്ല. സ്വഹബത്തിൽ നിന്നും സമാനമായ ഇനിയും തെളിവുകൾ സ്വഹീഹായതും ഹസനായതും അല്ലാത്തവയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

ഇമാം ബൈഹഖി(റ) വും ഇമാം ത്വബ്റാനി(റ) വും ഉദ്ധരിക്കുന്ന മറ്റൊരു ഹദീസിൽ കാണാം.

١٣٦١٣ - حَدَّثَنَا أَبُو شُعَيْبٍ الْحَرَّانِيُّ، ثنا يَحْيَى بْنُ عَبْدِ اللهِ الْبَابْلُتِّيُّ، ثنا أَيُّوبُ بْنُ نَهِيكٍ، قَالَ: سَمِعْتُ عَطَاءَ بْنَ أَبِي رَبَاحٍ، يَقُولُ: سَمِعْتُ ابْنَ عُمَرَ، يَقُولُ: سَمِعْتُ النَّبِيَّ ﷺ يَقُولُ: «إِذَا مَاتَ أَحَدُكُمْ فَلَا تَحْبِسُوهُ، وَأَسْرِعُوا بِهِ إِلَى قَبْرِهِ، وَلْيُقْرَأْ عِنْدَ رَأْسِهِ بِفَاتِحَةِ الْكِتَابِ، وَعِنْدَ رِجْلَيْهِ بِخَاتِمَةِ الْبَقَرَةِ فِي قَبْرِهِ»

- المعجم الكبير للطبراني ٤٤٤/١٢ — الطبراني (ت ٣٦٠)
- شعب الإيمان - ت زغلول ١٦/٧ — أبو بكر البيهقي (ت ٤٥٨)
- مشكاة المصابيح ٥٣٨/١ — الخطيب ولي الدين التبريزي (ت ٧٤١)

ഇബ്നു ഉമർ(റ) പറയുന്നു. നബി(സ്വ) പറയുന്നതായി ഞാൻ കേട്ടു. "നിങ്ങളിൽ നിന്ന് ആരെങ്കിലും മരണപ്പെട്ടാൽ അവനെ നിങ്ങൾ തടഞ്ഞു വെക്കരുത്. വേഗം ഖബറടക്കുകയും മയ്യിത്തിന്റെ തലഭാഗത്ത് വെച്ച് കൊണ്ട് ഫാത്തിഹയും കാൽ ഭാഗത്ത് ബഖറ സൂറത്തിന്റെ അവസാന ഭാഗവും പാരായണം ചെയ്യുക." (ശുഅബുൽ ഈമാൻ/ബൈഹഖി:7/16) (ത്വബ്റാനി:1363)

ഈ സംഭവം ഇബ്നു ഉമർ(റ) വിൽ നിന്ന് മൗഖൂഫ് ആയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ബിദ് അതുകാർ അവരുടെ നേതാവായി പരിചയപ്പെടുത്തുന്ന ഇബ്നുൽ ഖയ്യിം മരണപ്പെട്ടവർക്ക് ഖുർആൻ ഓതുന്നതിന് തെളിവായി ഉദ്ധരിക്കുന്ന മറ്റൊരു സംഭവം കാണുക

أَخْبَرَنِي أَبُو يَحْيَى النَّاقِدُ، قَالَ: حَدَّثَنَا سُفْيَانُ بْنُ وَكِيعٍ، قَالَ: حَدَّثَنَا حَفْصٌ، عَنْ مُجَالِدٍ، عَنِ الشَّعْبِيِّ، قَالَ: «كَانَتِ الْأَنْصَارُ إِذَا مَاتَ لَهُمْ مَيِّتٌ اخْتَلَفُوا إِلَى قَبْرِهِ يَقْرَءُونَ عِنْدَهُ الْقُرْآنَ»

- الأمر بالمعروف والنهي عن المنكر - من «الجامع» للخلال ٨٩/١ )أبو بكر الخلال (ت ٣١١)
- الروح - ابن القيم - ط عطاءات العلم ٢٤/١ — ابن القيم (ت ٧٥١)
- شرح الصدور بشرح حال الموتى والقبور ٣٠٣/١ — الجلال السيوطي (ت ٩١١)

"അൻസാറുകളിൽ നിന്ന് ആരെങ്കിലും മരണപ്പെട്ടാൽ അവർ പല സംഘങ്ങളായി ഖബറിന് ചാരെ വന്നു ഖുർആൻ ഓതുമായിരുന്നു." (റൂഹ്:1/24) (ഷറഹുസ്സ്വുദൂർ:1/303)

Sunnahclub.in

# “മരണപ്പെട്ടവരുടെ മേൽ നിങ്ങൾ യാസീൻ ഓതുവീൻ”

**قَالَ رَسُولُ اللهِ ﷺ : «اقْرَءُوا عَلَى مَوْتَاكُمْ يَس»**

أخرجه أبو داود (٣١٢١)● النسائي السنن الكبرى» (١٠٩١٣) ●عمل اليوم والليلة للنسائي ١/٥٨١ ●مسند أحمد (٢٠٣٠١) ●الحاكم : ١/٠٥٦٥ ●البيهقي ٣/٣٨٣ ●الفتح الرباني ٩/٤٥٠٢. حسن (٣١٢١) ●ابن ماجه (١٤٤٨) ●صحيح ابن حبان ٣٠٠٢ . ٣ ●الأذكار للامام النووي ١٩٢● شرح البخاري لابن الملقن أو ما حسن ٢٣/١٥٣ ●صحيح الجامع الصغير ٨٩١٨ ●الترغيب والترهيب ٢/٣١٩ . إسناده صحيح أو . قاربهما

വളരെയധികം പ്രസിദ്ധമായ നിരവധി മുഹദ്ധിസുകൾ പല പരമ്പരകളിലൂടെയായി റിപ്പോർട്ട് ചെയ്ത ഹദീസാണ് "മരണപ്പെട്ടവരുടെ മേൽ നിങ്ങൾ യാസീൻ ഓതുവീൻ" എന്ന മുത്ത് നബി(സ്വ)യുടെ വാക്ക്.

അബൂദാവൂദ്:3121 ലും സുനനു ന്നസാഇൗ:10913ലും മുസ്നദ് അഹ്മദ്:2031ലും ഇബ്നുമാജ:1448 ലും സ്വഹീഹ്

Sunnahclub.in

ഇബ്നു ഹിബ്ബാൻ:3002 ലും ഹാക്കിം:1/565 ലും ബൈഹഖി: 3/383 ലും മറ്റു നിരവധി ഹദീസ് ഗ്രന്ഥങ്ങളിലും ഈ ഹദീസ് കാണാനാകും. വ്യത്യസ്ത സ്വഹീഹായ പരമ്പരകളിലൂടെ ഈ ഹദീസ് റിപ്പോർട്ട് ചെയ്യപ്പെടുകയും നിരവധി പണ്ഡിതർ ഇത് സ്വഹീഹാണെന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഈ ഹദീസ് മരണപ്പെട്ടവരുടെ മേൽ ഖുർആൻ ഓതാൻ വ്യക്തമായ പ്രമാണമാണ്. കാരണം ഇതിൽ ഉപയോഗിച്ചത് 'മയ്യിത്ത്' എന്ന പദത്തിന്റെ ബഹുവചനമാണ്. ഈ കാര്യം ബിദ്അതുകാരുടെ നേതാവ് ഷൌകാനി തന്നെ പറയുന്നത് കാണുക:

وَاللَّفْظُ نَصٌّ فِي الْأَمْوَاتِ وَتَنَاوُلُهُ لِلْحَيِّ الْمُحْتَضَرِ مَجَازٌ فَلَا يُصَارُ إِلَيْهِ إِلَّا لِقَرِينَةٍ (نيل الأوطار ٢٩/٤ — الشوكاني (ت ١٢٥)

“ഈ ഹദീസിൽ പ്രയോഗിച്ച പദം മരിച്ചവരുടെ കാര്യത്തിൽ ആണെന്നത് അടിസ്ഥാനപരമായി വ്യക്തമാണ്. അതിൽ നിന്ന് ജീവിച്ചിരിക്കുന്നവരിലേക്ക് ആലങ്കാരികമായി ഉപയോഗിക്കണമെങ്കിൽ അതിന് മറ്റൊരു തെളിവിന്റെ ആവശ്യമുണ്ട്.” **(നയ്.ലുൽ ഔതാർ:4/29)**

ഈ ഹദീസ് മരണം ആസന്നമായവരുടെ സമീപത്തു ഖുർആൻ ഓതാനാണ് തെളിവാകുന്നതെന്ന് പറഞ്ഞ പണ്ഡിതരുണ്ട്. അതിനായി കാരണം പറഞ്ഞത് 'ഖിറാഅതുൻ അലൈഹി' എന്നത് ജീവിച്ചിരിക്കുന്നവരുടെ മുന്നിൽ ഓതിക്കൊടുക്കുന്നതിനെ കുറിച്ചാണ് പ്രയോഗിക്കുക. മരണപ്പെട്ടവരുടെ മുന്നിൽ ഓതുന്നതിനു 'ഖിറാഅതുൻ അലൈഹി' ഉപയോഗിക്കാറില്ല എന്നതാണ്. ഇതാണ് ചില ഇമാമീങ്ങൾ لأ الميت لا يقرأ عليه എന്ന് അവർ പറഞ്ഞതിന്റെ അർത്ഥം. ഈ വാക്കിനു 'മരിച്ചവരുടെ മേൽ ഖുർആൻ ഓതപ്പെടുകയില്ല /ഓതപ്പെടരുത് എന്നൊക്ക വഹാബികൾ ദുർവാഖ്യാനിക്കുന്നത് കടുത്ത തെറ്റാണ്. بل عنده എന്നാണ് പ്രയോഗം എന്നത

ടക്കം ഇമാമീങ്ങൾ ഈ വാക്കിനെ വിശദീകരിച്ചിട്ടുണ്ട്. കാരണം മരപ്പെട്ടവരുടെ ചാരത്തും അവർക്ക് വേണ്ടിയും ഖുർആൻ പാരായണം ദീനിൽ സ്ഥിരപ്പെട്ടതാണ്. പക്ഷെ ഈ ഹദീസിലെ പ്രയോഗം 'علي' എന്നായത് കൊണ്ടും അത് ജീവി ച്ചിരിക്കുന്നവരുടെ മേൽ ഉപയോഗിക്കുന്ന പദമായതുകൊണ്ടു മാണ് വ്യക്തമായി 'മരണപ്പെട്ടവരുടെ മേൽ' എന്നർത്ഥം വരുന്ന علي موتاكم എന്ന വാക്കിനെ മരണമാസന്നമായവർ എന്ന് വ്യാഖ്യാണിക്കേണ്ടി വന്നത്.

ഇനി علي موتاكم എന്ന പ്രയോഗം ജീവനുള്ള സമയത്തെ പറ്റി മാത്രമേ ഉപയോഗിക്കാവൂ എന്ന വാദമാണല്ലോ 'മരണ പ്പെട്ടവർ' എന്ന് മുത്ത് നബി(സ്വ) വ്യക്തമായി പറഞ്ഞതിനെ 'മരണമാസന്നമായവർ' എന്ന് വ്യാഖ്യാനിക്കേണ്ടി വന്നതിന് കാരണം. എന്നാൽ അങ്ങനെ വ്യാഖ്യനിക്കേണ്ടതില്ലെന്നും علي موتاكم എന്നത് മരണപ്പെട്ടവരുടേ മേൽ ഓതുന്നതിനും ഉപ യോഗിക്കുമെന്നും തെളിവുകൾ സഹിതം ഇമാമീങ്ങൾ മറുപടി നൽ കുന്നുണ്ട്.

ഇമാം ഇബ്നു ഹജറുൽ ഹൈതമി(റ) അവിടുത്തെ പ്രസിദ്ധവും ശാഫി മദ്ഹബിലെ ഏറ്റവും അവലംബയോഗ്യ വുമായ ഗ്രന്ഥം തുഹ്ഫയിൽ എഴുതുന്നു.

وَكَوْنُ الْمَيِّتِ لَا يُقْرَأُ عَلَيْهِ مَمْنُوعٌ لِبَقَاءِ إِدْرَاكِ رُوحِهِ فَهُوَ بِالنِّسْبَةِ لِسَمَاعِ الْقُرْآنِ وَحُصُول بَرَكَتِهِ لَهُ كَالْحَيِّ وَإِذَا صَحَ السَّلَامُ عَلَيْهِ فَالْقِرَاءَةُ عَلَيْهِ أَوْلَى **[تحفة المحتاج: ٩٣/٣]**

"ഈ ഹദീസിലെ عَلَى مَوْتَاكُمْ എന്ന പദം കൊണ്ട് മയ്യിത്തി ന്റെ 'മേൽ' ഖുർആൻ ഓതപ്പെടാറില്ല എന്ന് പറയുന്നത് ഒരിക്കലും ശരിയല്ല.! കാരണം: മരണശേഷവും ആത്മാവിന്റെ ജീവൻ അവശേഷിക്കുന്നുണ്ട്. ഖുർആൻ കേൾക്കുകയും അതിന്റെ ബറകത് ലഭിക്കുകയും ചെയ്യുന്ന വിഷയത്തിൽ

Sunnahclub.in

മയ്യിത്തിന്റെ ആത്മാവ് ജീവിച്ചിരിക്കുന്നവരെ പോലെതന്നെയാണ്. മരിച്ചവരുടെ മേൽ സലാം ചൊല്ലുന്നത്(سلام عليه) സ്വഹീഹാകുമെങ്കിൽ അവരുടെ മേൽ ഖുർആൻ ഓതുന്നത് (قرائة عليه) എന്തായാലും ശരിയാകുന്നതാണ്. **(തുഹ്ഫ:3/93)**

ചുരുക്കത്തിൽ മരണപ്പെട്ടവർക്കു വേണ്ടി ഖുർആൻ ഓതുന്നത് പ്രമാണത്തിന്റെ അടിസ്ഥനത്തിൽ വ്യകതമായി സ്ഥിരപ്പെട്ടത് തന്നെയാണ്. അതവർക്ക് ഉപകരിക്കുമെന്നതിലേക്ക് സൂചിപ്പിക്കുന്ന പല വിധത്തിലുള്ള ഹദീസുകളും സ്വഹാബത്തിന്റെ അസറുകളും നാം കാണുകയുണ്ടായി.

ഇതു തന്നെയായിരുന്നു മുൻഗാമികളായ മദ്ഹബിന്റെ പണ്ഡിതരും എടുത്ത നിലപാട്. ഇമാം ശാഫിഈ(റ) തന്റെ പ്രസിദ്ധമായ ഗ്രന്ഥം 'ഉമ്മിൽ' എഴുതുന്നു:

وأُحِبُّ لَوْ قُرِئَ عِنْدَ القَبْرِ ودُعِيَ لِلْمَيِّتِ **[الأم للإمام الشافعي: ١/٣٢٢]**

"ഖബറിന്റെ ചാരത്തു വെച്ച് ഖുർആൻ ഓതുകയും മയ്യിത്തിന് വേണ്ടി ദുആ ചെയ്യുകയും ചെയ്യുന്നതിനെ ഞാൻ ഇഷ്ടപ്പെടുന്നു." **(അൽ ഉമ്മ്:1/322)**

ഇമാം അഹ്മദ് ബ്നു ഹമ്പൽ(റ) പറയുന്നു:

إذا دخلتم المقابر فاقرءوا آية الكرسي وثلاث مرات ﴿قُل هُوَ اللَّهُ أَحَدٌ﴾ ثم قولوا: اللهم إن فضله لأهل المقابر(**الجامع لعلوم الإمام أحمد - الفقه ١٥٢/٧ — أحمد بن حنبل (ت ٢٤١)**

"നിങ്ങൾ ഒരു ഖബർസ്ഥാനിലേക്ക് പ്രവേശിച്ചാൽ അവിടെ വെച്ച് നിങ്ങൾ ആയത്തുൽ കുർസിയ്യ് ഓതുവീൻ.. ഖുൽ ഹുവല്ലാഹു മൂന്ന് പ്രാവശ്യവും ഓതുക. എന്നിട്ട് അതിന്റെ മഹത്വം ഈ ഖബ്റാളികൾക്ക് എത്തിക്കണേ എന്ന് ദുആ ചെയ്യുക." **(ജാമിഉൽ ഉലൂം /ഇമാം അഹ്മദ്: 7/152)**

Sunnahclub.in

# മദ്ഹബുകളുടെ വീക്ഷണത്തിൽ

നാലു മദ്ഹബുകളുടെ ഗ്രന്ഥങ്ങളിലും മരണപ്പെട്ടവർക്ക് ഖുർആൻ ഓതുന്നത് ഉപകാരം ചെയ്യുമെന്ന കാര്യം വ്യക്ത മായി കാണാനാകും. മദ്ഹബിന്റെ നാല് ഇമാമീങ്ങൾ അവരു ടെ കിതാബുകളിൽ പറയുന്നത് മാത്രമേ ആ മദ്ഹബായി ഗണിക്കാവൂ എന്ന് ചില ബിദ്അതുകാർ തെറ്റിദ്ധരിപ്പിക്കാ റുണ്ട്. അത് മദ്ഹബിനെ കുറിച്ചുള്ള അടിസ്ഥാന പാഠം പോലും അറിയാത്തത് കൊണ്ടാണ്. ഓരോ മദ്ഹബിന്റെ ഇമാമുകളും അക്കാലത്തെ ഏറ്റവും വലിയ പണ്ഡിതരായത് കൊണ്ട് അവർക്ക് എണ്ണമറ്റ ശിഷ്യന്മാരുണ്ടാകുമെന്നത് സത്യ മാണ്. ഈ ശിഷ്യന്മാരാണ് ആ ഇമാമിന്റെ വാക്കുകളും എഴുത്തുകളും ക്രോഡീകരിക്കാറുള്ളത്. അത് മുഴുവൻ പരി ശോധിച്ചു വിധിപറഞ്ഞവരാണ് ശേഷം വന്ന ഇമാമീങ്ങൾ അവരേക്കാൾ ഈ മദ്ഹബിന്റെ ഇമാമീങ്ങളെ അറിയുന്നവരാ യിട്ടാണ് ഇന്നത്തെ വഹാബീ നേതാക്കൾ ജനങ്ങളെ പറ്റിക്കു ന്നത്. ഉദാഹരണത്തിന്, ഇമാം നവവി(റ) ശാഫിഈ മദ്ഹ ബിൽ ഒരു കാര്യം പറയുമ്പോൾ ഇമാം ശാഫിഈ(റ) വിന്റെ മുഴുവൻ കിതാബുകൾക്കു പുറമെ അവിടുത്തെ നേരിൽ അനു ഭവിച്ച ശിഷ്യന്മാരുടെയും അവരിൽ നന്ന് പഠിച്ചു രചിച്ച ഗ്രന്ഥങ്ങളും എല്ലാം പരിശോധിച്ചു കൊണ്ടായിരിക്കും. ഇമാം

Sunnahclub.in

നവവി(റ) പറഞ്ഞതിനെ ചോദ്യം ചെയ്യണമെങ്കിൽ അവിടുന്ന് കണ്ട ഗ്രന്ഥങ്ങൾ മുഴുവൻ കാണുകയെങ്കിലും വേണം.

**ഹനഫീ മദ്ഹബിലെ** പണ്ഡിതനായ ഇമാം ഫഖ്റുദ്ദീനു സൈലഈ(റ) എഴുതുന്നു:

الْأَصْلُ فِي هَذَا الْبَابِ أَنَّ الْإِنْسَانَ لَهُ أَنْ يَجْعَلَ ثَوَابَ عَمَلِهِ لِغَيْرِهِ عِنْدَ أَهْلِ السُّنَّةِ وَالْجَمَاعَةِ صَلَاةً كَانَ أَوْ صَوْمًا أَوْ حَجًّا أَوْ صَدَقَةً أَوْ قِرَاءَةَ قُرْآنٍ أَوْ الْأَذْكَارَ إلَى غَيْرِ ذَلِكَ مِنْ جَمِيعِ أَنْوَاعِ الْبِرِّ، وَيَصِلُ ذَلِكَ إلَى الْمَيِّتِ وَيَنْفَعُهُ، وَقَالَتْ الْمُعْتَزِلَةُ: لَيْسَ لَهُ ذَلِكَ، وَلَا يَصِلُ إلَيْهِ وَلَا يَنْفَعُهُ لِقَوْلِهِ تَعَالَى ﴿وَأَنْ لَيْسَ لِلإِنْسَانِ إِلا مَا سَعَى﴾ [النجم: ٣٩ ]( **تبيين الحقائق شرح كنز الدقائق ٨٣/٢ — الزيلعي، فخر الدين (ت ٧٤٣)**

ഈ വിശയത്തിലെ അടിസ്ഥാനം തന്നെ, ഒരാൾ ചെയ്യുന്ന ഏത് അമലിന്റെ പ്രതിഫലവും അവന് മറ്റുള്ളവർക്ക് നൽകാൻ കഴിയുമെന്നതാണ് അഹ്്ലുസ്സുന്നയുടെ വിശ്വാസം. അത് സ്വദഖയായാലും നിസ്കാരം, നോമ്പ്, ഹജ്ജ് ഖുർആൻ ഓതുന്നത്, ദിക്ർ ചൊല്ലുന്നത് തുടങ്ങിയ എല്ലാ നല്ല കാര്യങ്ങളും ഈ ഗണത്തിൽ പെടുന്നതാണ്. അതിന്റെയെല്ലാം പ്രതിഫലം മയ്യിത്തിലേക്ക് ചേരുകയും മയ്യിത്തിന് അതുപകാരം ചെയ്യുകയും ചെയ്യും. മുഅ്തസിലത്ത് പറയുന്നത് അത് ഉപകരിക്കുകയില്ല എന്നതാണ്. അവർക്കുള്ള ന്യായം "വഅൻ ലൈസ..." ആയത്താണ്.**(തബിയീനുൽ ഹഖാഇഖ്:2/83)**

**മാലികി മദ്ഹബിലെ** പ്രശസ്ത പണ്ഡിതൻ ഇമാം ഇബ്നുൽ ഹാജ്(റ) എഴുതുന്നു.

أَنَّهُ لَوْ قَرَأَ فِي بَيْتِهِ وَأَهْدَى لَهُ لَوَصَلَتْ، وَكَيْفِيَّةُ وُصُولِهَا أَنَّهُ إذَا فَرَغَ مِنْ تِلَاوَتِهِ وَهَبَ ثَوَابَهَا لَهُ، أَوْ قَالَ: اللَّهُمَّ اجْعَلْ ثَوَابَهَا لَهُ فَإِنَّ ذَلِكَ دُعَاءٌ بِالثَّوَابِ؛ لَأَنْ يَصِلَ إلَى أَخِيهِ، وَالدُّعَاءُ يَصِلُ بِلَا خِلَافٍ.**المدخل لابن الحاج ٢٦٦/١ — ابن الحاج (ت ٧٣٧(**

Sunnahclub.in

അവൻ അവന്റെ വീട്ടിൽ ഇരുന്നു കൊണ്ട് തന്നെ ഖുർആൻ പാരായണം ചെയ്താൽ അതിന്റെ പ്രതിഫലം അവർക്ക് എത്തുന്നതാണ്. അതിന്റെ രൂപം ഓതിയതിന് ശേഷം അവർക്ക് അതിന്റെ പ്രതിഫലത്തെ അവർക്ക് നൽകിയാൽ മതി. അല്ലെങ്കിൽ ഇതിന്റെ പ്രതിഫലം അവർക്ക് നൽകാൻ റബ്ബിനോട് ദുആ ചെയ്യുക. അത് ഇവന്റെ സഹോദരന് ഇവൻ ചെയ്തതിന്റെ പ്രതിഫലം എത്തിക്കാനുള്ള ദുആയായത് കൊണ്ട് അത് അവർക്കെത്തുമെന്നതിൽ അഭിപ്രായ ഭിന്നതയില്ല. **(അൽ മദ്ഖൽ:1/266)**

**ഹമ്പലി മദ്ഹബിലെ** നിരവധി പണ്ഡിതർക്കു പുറമെ ഹമ്പലികളാണെന്ന് വാദിക്കുന്ന ബിദ്അതുകാരുടെ നേതാക്കളായ ഇബ്നു തൈമിയ്യയും ശിഷ്യൻ ഇബ്നുൽ ഖയ്യിമും അവരുടെ നിരവധി ഗ്രന്ഥങ്ങളിൽ ഈ വിശയം സമർത്ഥിക്കുകയും നിരവധി പേജുകൾ അതിനായി ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായി അവസാന ഭാഗത്ത് വരുന്നതാണ്.

**ഇനി ശാഫിഈ** മദ്ഹബിലേക്കു കടക്കാം...

Sunnahclub.in

# ശാഫിഈ മദ്ഹബിൽ

ഇമാം ശാഫിഈ(റ) തന്റെ പ്രസിദ്ധമായ ഗ്രന്ഥം 'ഉമ്മിൽ' എഴുതുന്നു:

وأُحِبُّ لَوْ قُرِئَ عِنْدَ القَبْرِ ودُعِيَ لِلْمَيِّتِ [الأم للإمام الشافعي: ١/٣٢٢]

"ഖബറിന്റെ ചാരത്തു വെച്ച് ഖുർആൻ ഓതുകയും മയ്യിത്തിന് വേണ്ടി ദുആ ചെയ്യുകയും ചെയ്യുന്നതിനെ ഞാൻ ഇഷ്ടപ്പെടുന്നു." **(അൽ ഉമ്മ്:1/322)**

ഇമാം നവവി(റ) തന്റെ ഹദീസ് ഗ്രന്ഥമായ രിയാളുസ്സ്വാലിഹീനിലും ഫിഖ്ഹിന്റെ ഗ്രന്ഥം ശറഹുൽ മുഹദ്ദബിലും എഴുതുന്നു.

قال الشافعي رحمه الله: ويُستحب أن يُقرأ عنده شيء من القرآن وإن ختموا القرآن عنده كان حسنا [المجموع شرح المهذب ٥/٢٩٤] [رياض الصالحين: ٣٧٠]

ഇമാം ശാഫിഈ(റ) പറഞ്ഞു. ഖബറിനു ചാരെ ഖുർആനിൽ നിന്നൽപ്പം ഓതൽ സുന്നത്താണ്. ഇനി അവിടെ വെച്ച് ഖുർആൻ മുഴുവൻ ഖത്മ് ചെയ്യുകയാണെങ്കിൽ അത് ഏറ്റവും നല്ലകാര്യമാണ്. **(രിയാളുസ്വാലിഹീൻ:370)**

ഇത്ര വ്യക്തമായി മരണപ്പെട്ടവർക്ക് ഖുർആൻ ഓതിയാൽ അത് ഉപകരിക്കുമെന്നു പറഞ്ഞ ഇമാം ശാഫിഈ(റ) ഇതിനു

നേരെ വൈരുദ്ധ്യം പറയില്ല എന്നത് ഏതൊരാൾക്കും ചിന്തിക്കാവുന്നതേയുള്ളൂ... എന്നാൽ ബിദ്അതുകാർ അവർക്കാവശ്യമുള്ള ഭാഗങ്ങൾ മാത്രം കട്ടു പ്രചരിപ്പിച്ചും ദുർവ്യാഖ്യാനിച്ചും ജനങ്ങളെ വഞ്ചിക്കാറാണ് പതിവ്. അതിനായി എപ്പോഴും ഉദ്ധരിക്കാറുള്ള ഒരു ഉദ്ധരണിയാണ് ഹാഫിള് ഇബ്നു കസീർ തന്റെ തഫ്സീറിൽ (സൂറ:അന്നജ്മിലെ:39) സൂക്തത്തിന്റെ വിശദീകരണത്തിൽ പറയുന്ന വരികൾ. അതായത് ഖുർആനിലെ " (وأن ليس للإنسان إلاّ ما سعى-النجم:39) മനുഷ്യനിക്ക് അവൻ സ്വന്തം അദ്ധ്വാനിച്ചുണ്ടാക്കിയ ഒന്നല്ലാതെ ഉടമാവകാശമില്ല" എന്നർത്ഥം വരുന്ന ഒരു ആയത്താണത്. ഈ ആയത്ത് തെളിവാക്കിക്കൊണ്ട് ഇമാം ശാഫിഈ(റ) മരണപ്പെട്ടവർക്ക് വേണ്ടി ഖുർആൻ പാരായണം ചെയ്താൽ അവരിലേക്ക് അത് എത്തുകയില്ലെന്ന് പഠിപ്പിച്ചിട്ടുണ്ട്. അതു കൊണ്ട് അങ്ങിനെ ഖുർആൻ പാരായണം ചെയ്ത് ദാനം ചെയ്യൽ ബിദ്അത്താണെന്നും മയ്യിത്തിനു അതുകൊണ്ട് ഒരു ഉപകാരവും ലഭിക്കു കയില്ലെന്നുമാണ് ഇമാം ശാഫിഈ(റ) പറഞ്ഞിട്ടുള്ളത് എന്ന് പറഞ്ഞുകൊണ്ടാണ് പുത്തൻവാദികൾ ജനങ്ങളെ തെറ്റുദ്ധരി പ്പിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നത്..

എന്നാൽ എന്താണ് ഇമാം ശാഫിഈ(റ) യഥാർത്ഥത്തിൽ പറഞ്ഞതെന്ന് നമുക്ക് പരിശോധിക്കാം.

ഇമാം ശാഫിഈ(റ)യോ മറ്റു ശാഫിഈ മദ്ഹബിലെ ഇമാമുകളോ മരണപ്പെട്ടവർക്ക് വേണ്ടി പാരായണം ചെയ്യപ്പെടുന്ന ഖുർആൻ കൊണ്ട് മരണപ്പെട്ടവർക്ക് ഉപകാരം ലഭിക്കുകയില്ലെന്നോ അവർക്ക് ഫലം ചെയ്യുകയില്ലെന്നോ പറഞ്ഞിട്ടില്ല. മറിച്ച് മരണപ്പെട്ടവർക്ക് വേണ്ടി പാരായണം കൊണ്ട് മരണപ്പെട്ടവർക്ക് ഉപകരിക്കും എന്നു തന്നെയാണ് ശാഫിഈ ഇമാം പഠിപ്പിച്ചതും ശാഫിഈ മദ്ഹബ് പഠിപ്പിക്കുന്നതും. പിന്നെ അവിടെയുള്ള വിഷയം കർമ്മശാസ്ത്ര മദ്ഹബുകളിലെ

വൈവിധ്യമായ വീക്ഷണ വ്യത്യാസമാണ്. നമുക്കത് പരിശോധിക്കാം.

يقول الحافظ الإمام المفسر قاضي القضاة تقي الدن السبكي رحمه الله: والمشهور عن الإمامين مالك والشافعي عدم وصول القرآن إلى الميت، وعن الإمام أبي حنيفة وأحمد رضي الله عنهم وصوله.

- قضاء الأرب في أسئلة حلب:ص/457 للسبكي رحمه الله-756هـ.
- شرح الصدور بشرح حال الموتى والقبور:ص/310)للحافظ السيوطي-
- الفوز العظيم في لقاء الكريم:ص/122) للحافظ السيوطي-911هـ.

മരണപ്പെട്ടവർക്ക് വേണ്ടി പാരായണം ചെയ്യപ്പെടുന്ന ഖുർആനിന്റെ പ്രതിഫലം മരണപ്പെട്ടവരിലേക്ക് ചേരുന്ന വിഷയത്തിൽ ഇസ്‌ലാമിലെ നാലു മദ്ഹബുകൾക്കിടയിൽ രണ്ട് വീക്ഷണമാണുള്ളത്. ഒന്നാമത്തെ വീക്ഷണം ഒരു വ്യക്തി ഒരു മരണപ്പെട്ടവ്യക്തിയേയോ അല്ലെങ്കിൽ ജീവിച്ചിരിക്കുന്ന വ്യക്തിയേയോ ഉദ്ധേശിച്ച് താൻപാരായണം ചെയ്യുന്ന ഖുർആനിന്റെ പ്രതിഫലത്തെ ദാനം ചെയ്യലിനെ കരുതി ക്കൊണ്ട് പാരായണം ചെയ്താൽ തന്നെ മയ്യിത്തിലേക്ക് ആ പ്രതിഫലം ചേരും എന്നാണ്. ഈ അഭിപ്രായമാണ് ഇമാം അബൂഹനീഫ(റ)യും ഇമാം അഹ്മദ് ബ്നുഹമ്പൽ(റ)വും പറഞ്ഞിട്ടുള്ളത്. എന്നാൽ ഇമാം ശാഫിഈ (റ)യും ഇമാം മാലിക്ക്(റ)യും പഠിപ്പിച്ചത് അങ്ങിനെ മരണപ്പെട്ടവരെ അല്ലെങ്കിൽ ജീവിച്ചിരിക്കുന്നവരെ കരുതി പാരായണം ചെയ്തു എന്നതുകൊണ്ട് മാത്രം

---

മരണപ്പെട്ടവരിലേക്ക് ചേരില്ല എന്നുമാണ്. ഇക്കാര്യം മാഹാനായ ഇമാം തഖിയ്യുദ്ദീൻ അസ്സുബ്ക്കി(റ) തന്റെ (ഖളാഉൽ അറബി ഫീഅസ്ഇ ലത്തി ഹലബ്/പേജ്: 457) ലും മറ്റു ഇമാമുകൾ അവരുടെ കിത്താബുകളിലും വ്യക്തമാക്കിയതായി കാണാം. ഹാഫിളു സ്സുയൂത്വീ(റ) പറഞ്ഞത്: സലഫുകളിൽ

Sunnahclub.in

ഭൂരി ഭാഗവും മൂന്ന് മദ്ഹബിന്റെ ഇമാമുകളും പറഞ്ഞിട്ടുള്ളത് മരണപ്പെട്ട വരിലേക്ക് ഖുർആനിന്റെ പ്രതിഫലം ചേരും എന്നാണ്. ഇമാം ശാഫിഈ(റ) ചേരില്ലെന്നു പറഞ്ഞിട്ടുള്ളത് ഹാഫിളുസ്സുയൂത്വി (റ)വിൻറെ (ശറഹുസ്സ്വുദൂർ :പേജ്/310)ലും, തന്റെ (അൽഫൗസുൽ അളീം ഫീലിഖാഇൽ കരീം:പേജ്/122) ലും പറയുന്നതായി കാണാം. അഥവാ മരണപ്പെട്ടവർക്ക് വേണ്ടി പാരായണം ചെയ്യപ്പെടുന്ന ഖുർആൻ കൊണ്ട് മരണ പ്പെട്ടവർക്ക് ഉപകരിക്കുമോ ഇല്ലയോ എന്ന ചർച്ചയും തർക്ക വുമല്ല ഇവിടെയുള്ളത് മറിച്ച് പാരായണം ചെയ്യപ്പെടുന്ന ഖുർആന്റെ തുല്യമായ പ്രതിഫലം മയ്യിത്തിലേക്ക് ചേരണ മെങ്കിൽ എന്തെല്ലാമാണ് ചെയ്യേണ്ടതെന്ന് പഠിപ്പിക്കു കയാണ് ഈ ഇമാമുകൾ.

ഇമാം ശാഫിഈ(റ)യും ഇമാം മാലിക്ക്(റ)യും പറയു ന്നത്: "മയ്യിത്തിനെ കരുതി പാരായണം ചെയ്തത് കൊണ്ട് മയ്യിത്തി ലേക്ക് പ്രതിഫലം എത്തില്ല. കാരണം പാരായണം ചെയ്തതിന്റെ പ്രതിഫലം പാരായണം ചെയ്ത വ്യക്തിക്കാണ്. അതാണ് വിശുദ്ധ ഖുർആനിൽ "മനുഷ്യനു അവൻ ചെയ്തത ല്ലാതെ ഇല്ല" എന്ന് പഠിപ്പിച്ചത്. ഇമാം ശാഫിഈ(റ) പഠിപ്പിച്ച ഈ ആശയം തന്നെയാണു ശാഫിഈ മദ്ഹബും. ശാഫിഈ മദ്ഹബിലെ പിൽകാല ഇമാമുകളിൽ ചിലർ പാരായണം ചെയ്തു ദാനം ചെയ്താൽ തന്നെ മരണപ്പെട്ടവരിലേക്ക് ചേരും എന്നും പറഞ്ഞിട്ടുണ്ട്. ഏതായാലും ഖുർആൻ പാരായണം കൊണ്ട് ഉപകരിക്കുയില്ലെന്ന് ഇമാം ശാഫിഈ(റ)യോ ശാഫി ഈ മദ്ഹബോ മറ്റു മദ്ഹബുകളോ പറഞ്ഞിട്ടില്ല. അക്കാര്യം മഹാനായ ഇമാം നവവി(റ)യടക്കമുള്ള ശാഫിഈ മദ്ഹ ബിലെ പൂർവ്വീകരായ ഇമാമുകൾ വിശദീകരിച്ചതായി കാണാം. അതോടൊപ്പം ഇമാമുകൾ ഒരു കാര്യവുംകൂടി പഠിപ്പിച്ചിട്ടുണ്ട്. അഥവാ പരായണം ചെയ്യപ്പെടുന്ന ഖുർആനിന്റെ തുല്യമായ

കൂലി മരണപ്പെട്ടവർക്ക് ലഭിക്കാൻ വേണ്ടി തുല്യമായ പ്രതിഫലത്തെ മരണപ്പെട്ടവർക്ക് ദാനം ചെയ്യുകയും അതു അല്ലാഹു സ്വീകരിക്കാൻ വേണ്ടി ദുആചെയ്യുകയും വേണമെന്നാണ്. അങ്ങനെ ചെയ്താൽ അത് മയ്യിത്തിന് ഉപകരിക്കുമെന്നതിൽ തർക്കമില്ല.

മറിച്ച് ഹനഫീ മദ്ഹബിലും ഹമ്പലീ മദ്ഹബിലും മരണപ്പെട്ട വരെ കരുതി പാരായണം ചെയ്താൽ തന്നെ പ്രതിഫലം ലഭിക്കും എന്നാണു പഠിപ്പിച്ചിട്ടുള്ളത്. ആ ഒരു വ്യത്യാസമാണ് ഈ വിഷയത്തിലുള്ളത്. നമുക്ക് ഈ കാര്യം വ്യക്തമായി ഇമാമുകൾ പറഞ്ഞ ഉദ്ധരണികളിലേക്കു കടക്കാം.

ശാഫിഈ മദ്ഹബിലെ ഏറ്റവും പ്രമുഖ ഇമാമുകളിൽപെട്ട ഖാത്തിമത്തുൽ മുഹഖിഖീൻ ഇമാം ഇബ്നു ഹജരിൽ ഹൈത്തമി(റ) തന്റെ ഏറ്റവും അവലംബ യോഗ്യമായഗ്രന്ഥം "തുഹ്ഫതുൽ മുഹ്താജിൽ" പറയുന്നത് കാണുക:

حَمَلَ جَمْعٌ عَدْمَ الْوُصُولِ الَّذِي قَالَ عَنْهُ الْمُصَنِّفُ فِي شَرَحِ مُسْلِمٍ أَنَّهُ مَشْهُورُ الْمَذْهَبِ عَلَى مَا إِذَا قُرِأَ لاَ بِحَضْرَةِ الْمَيِّتِ وَلَمْ يَنْوِ الْقَارِئُ ثَوَابَ قِرَاءَتِهِ لَهُ أَوْ نَوَاهُ وَلَمْ يَدْعُ لَهُ. ... قَالَ ابْنُ الصَّلاَحِ رحمه الله: وَيَنْبَغِي الْجَزْمُ بِنَفْعِ أَللهم أَوْصِلْ ثَوَابَ مَا قَرَأْنَاهُ أَيْ مِثْلَهُ فَهُوَ الْمُرَادُ. **(تُحْفَةُ الْمُحْتَاجِ لِابْنِ حَجَرِ الْهَيْتَمِيِّ رحمه الله :74/7)**

മഹാനായ ഇമാം നവവി(റ) തന്റെ "ശറഹുമുസ്ലിമി"ൽ മരണപ്പെട്ടവർക്ക് വേണ്ടിയുള്ള ഖുർആൻ പാരായണം മയ്യിത്തിലേക്ക് ചേരുകയില്ലെന്നതാണ് ശാഫിഈ മദ്ഹബിലെ പ്രസിദ്ധമായ വീക്ഷണം എന്ന് പറഞ്ഞത് മയ്യിത്തിന്റെ സമീപത്ത് വെച്ച് പാരായണം ചെയ്യപ്പെടാതിരിക്കുകയും, പാരായണം ചെയ്തതിന്റെ പ്രതിഫലം മരണപ്പെട്ടവർക്ക് വേണ്ടി കരുതാതിരിക്കുകയും അല്ലെങ്കിൽ കരുതി, പക്ഷെ ദുആ ചെയ്യാതി

Sunnahclub.in

രിക്കുകയും ചെയ്യുന്നതിന്റെ മേലിലാണ് ഒരു കൂട്ടം ഇമാമുകൾ ചുമത്തിയത്. തുടർന്ന് ഇബ്നുഹജർ(റ) പറയുന്നു: ഇമാം ഇബ്നുസ്സ്വലാഹ്(റ)പറഞ്ഞിട്ടുണ്ട്. "അല്ലാഹുവേ ഞാൻ പാരായണം ചെയ്തതിന്റെ തുല്യ പ്രതിഫലത്തെ ഇന്നയാളിലേക്ക് നീ എത്തിച്ചു കൊടുക്കേണമേ" എന്ന് ദുആ ചെയ്താൽ തീർച്ചയായും അതുകൊണ്ട് മയ്യിത്തിനു ഉപകരിക്കും എന്നത് ഉറപ്പാണ്. **(തുഹ്ഫ ത്തുൽമുഹ്ത്താജ്:7/74)**

മഹാനായ ഇമാം ഇബ്നുഹജറുൽ ഹൈത്തമി(റ) പഠിപ്പിക്കുന്ന മറ്റൊരു ഉദ്ധരണി കൂടി കാണുക:

[وَيَقْرَأُ] مَا تَيَسَّرَ [وَيَدْعُو] لَهُ عَقِبَ الْقِرَاءَةِ بَعْدَ تَوَجُّهِهِ لِلْقِبْلَةِ، لِأَنَّهُ أَرْجَى لِلْإِجَابَةِ وَيَكُونُ الْمَيِّتُ كَحَاضِرٍ تُرْجَى لَهُ الرَّحْمَةُ وَالْبَرَكَةُ بَلْ تَصِلُ لَهُ الْقِرَاءَةُ هُنَا وَفِيمَا إِذَا دَعَى لَهُ وَلَوْ بِعِيدًا. **(تحفة المحتاج:435/1) للإمام ابن حجر الهيتمي رحمه الله**

ഖബർ സന്ദർശിക്കുന്നവർ തനിക്ക് സാധിക്കുന്ന രീതിയിൽ ഖുർആൻ പാരായണം ചെയ്യുകയും ഖിബ്ലക്ക് അഭിമുഖമായി മയ്യിത്തിനു വേണ്ടി ദുആ ചെയ്യുകയും വേണം. നിശ്ചയം ഖുർആൻ പാരായണ ശേഷം പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാൻ ഏറ്റവും സാധ്യതയുള്ള സമയമാണ്, ഖബ്റിന്നു സമീപം നിൽക്കുന്നവനെപ്പോലെ ഖബ്റിലുള്ള മയ്യിത്തിനും അല്ലാഹുവിന്റെ അനുഗ്രഹവും ബറക്കത്തും പ്രതീക്ഷിക്കപ്പെടുന്നതാണ്. എന്നല്ല ഖബ്റിന്ന് സമീപത്ത് വെച്ച് പാരായണം ചെയ്യപ്പെടുന്നതും വിദൂരത്ത് വെച്ചാണെങ്കിലും പാരായാണ ശേഷം മയ്യിത്തിനുവേണ്ടി പ്രാർത്ഥന ചെയ്യപ്പെടുന്നതുമായ ഖുർആൻ പാരായണത്തിന്റെ പ്രതിഫലം മയ്യിത്തിലേക്ക് എത്തുന്നതാണ്. **(തുഹ്ഫത്തുൽ മുഹ്ത്താജ്:1/435)**

ഇങ്ങനെ ഖുർആൻ പാരായണം ചെയ്ത ശേഷം തുല്യ പ്രതിഫലത്തെ മയ്യിത്തിലേക്ക് എത്തിക്കാൻ അല്ലാഹുവിനോട് ദുആ ചെയ്യുകയും അത് ദാനം ചെയ്യുകയും ചെയ്താൽ അത്

ഖബ്റിന്നു സമീപത്ത് വെച്ചാണെങ്കിലും അല്ലെങ്കിലും മരണപ്പെട്ടവർക്ക് ഉപകരിക്കും എന്ന് ഇമാം ഇബ്നു ഹജരിൽ ഹൈത്തമി(റ)ക്ക് പുറമെ ശാഫിഈ മദ്ഹബിലെ നിരവധി ഇമാമുകൾ പഠിപ്പിക്കുന്നതായി കാണാം, രണ്ടാം ശാഫിഈ എന്നറിയപ്പെടുന്ന മഹാനായ ഇമാം നവവി(റ) തന്റെ (റൗളതുത്ത്വാലിബീൻ:5/191)ലും ഇമാം ഹാഫിള് ഇബ്നു ഹജരിൽ അസ്ഖലാനി(റ) തന്റെ(ഫത്താവാ:പേജ്/30,39,40) യിലും ഇബ്നുഹജരിൽ അസ്ഖലാനി(റ)വിന്റെ ഗുരുവര്യരായ ഇമാം നൂറുദ്ദീന് ഇബ്നുൽഖത്ത്വാൻ അൽഅസ്ഖലാനി(റ) തന്റെ (അൽഖൗലു ബിൽ ഇഹ്സാനിൽ അളീം:പേജ്/3,4)ലും, മഹാനായ ശൈഖുൽ ഇസ്ലാം സകരിയ്യൽ അൻസ്വാരി(റ) തന്റെ (ഫത്താവാ:പേജ്/150) ലും മറ്റു നിരവധി ഇമാമുകളും ഇത് പഠിപ്പിച്ചതായി കാണാം.

ചുരുക്കത്തിൽ മരണപ്പെട്ടവർക്ക് വേണ്ടി പാരായണം ചെയ്യപ്പെടുന്ന വിശുദ്ധ ഖുർആൻ മരണപ്പെട്ടവർക്ക് ഉപകരിക്കും എന്നു തന്നെയാണ് മഹാനായ ഇമാം ശാഫിഈ(റ) അടക്കമുള്ള ശാഫിഈ മദ്ഹബിലെ ഇമാമുകൾ പഠിപ്പിച്ചിട്ടുള്ളത്. അത് തന്നെയാണ് ഇമാം ശാഫിഈ(റ) സ്വന്തം ഗ്രന്ഥമായ ഉമ്മിൽ വ്യക്തമായി പറഞ്ഞിട്ടുള്ളത്.

وَأُحِبُّ لَوْ قُرِئَ عِنْدَ الْقَبْرِ وَدَعَا لِلْمَيِّتِ.

**(كِتَابُ الْأُمِّ:645/2للإمام الشافعي رحمه الله.)** وَنَقَل عَنْهُ الْحَافِظُ الْبَيْهَقِيُّ فِي (مَعْرِفَةُ السُّنَنِ وَالْآثَارِ:333/5) وَالْحَافِظُ السَّخَاوِيُّ فِي كِتَابِهِ: (قُرَّةُ الْعَيْنِ بِالْمَسَرَّةِ الْحَاصِلَةِ بِالثَّوَابِ لِلْمَيِّتِ وَالْأَبَوَيْنِ:ص/110) وَغَيْرُهُمْ.

“ഖബ്റിന്നു സമീപത്ത് വെച്ച് ഖുർആൻ പാരായണം ചെയ്യലിനേയും മയ്യിത്തിനുവേണ്ടി പ്രാർത്ഥന നടത്തലിനേയും ഞാൻ ഇഷ്ടപ്പെടുന്നു.” (കിത്താബുൽ ഉമ്മ്: 2/645)

Sunnahclub.in

ഇക്കാര്യം ഇമാം ശാഫിഈ(റ)യിൽ നിന്നും ഹാഫിള് അൽബൈഹഖീ(റ) തന്റെ (മഅ്രിഫത്തുസ്സുനനി വൽആസാർ :5/333)ലും ഹാഫിളു സ്സഖാവി(റ) തന്റെ (ഖുർറത്തുൽഐൻ: 110)ലും മറ്റു ഇമാമുകളും ഉദ്ധരിച്ചതായി കാണാം.

മാത്രമല്ല ഇമാം ശാഫിഈ(റ) പറഞ്ഞതായി ഇമാം നവവി(റ) എഴുതുന്നു.

قَالَ الْإِمَامُ الشَّافِعِيُّ رَحِمَهُ اللهِ: وَيُسْتَحَبُّ أَنْ يَقْرَأَ عِنْدَهُ شَيْئٌ مِنَ الْقُرْآنِ وَإِنْ خَتَمُوا الْقُرْآنَ عِنْدَهُ كَانَ حَسَنًا. **(رِيَاضُ الصَّالِحِينْ لِلْإِمَامِ النَّوَوِيُّ :ص/370)** ،

“ഇമാം ശാഫിഈ(റ) പറഞ്ഞു: മയ്യിത്തിന്റെ സമീപത്ത് വെച്ച് സാധിക്കുന്നയത്ര ഖുർആൻ പാരായണം ചെയ്യൽ സുന്നത്താക്കപ്പെടും. ഇനി ഖുർആൻ ഖത്മു തന്നെ തീർക്കുകയാണെങ്കിൽ അത് ഏറ്റവും നല്ലതാണ്" **(രിയാളു സ്സ്വാലിഹീൻ: /370)**

മറ്റു നിരവധി ഇമാമുകൾ ഇത് രേഖപ്പെടുത്തുന്നുണ്ട്.

- (حَدَائِقُ الْأَوْلِيَاءِ:71/2) لِلْإِمَامْ اِبْنُ الْمُلَقِّنْ،
- (شَرَحُ رِيَاضِ الصَّالِحِينْ:500/4) لِلْإِمَامِ اِبْنُ كَمَالْ بَاشَا الْحَنَفِي،
- (دَلِيلُ الْفَالِحِينْ:103/6) لِلْعَلَّامَةِ ابْنُ عَلَّانِ الشَّافِعِيّ رَحِمَهُ اللهِ

## ഇമാം ശാഫിഈ(റ) മരണപ്പെട്ടവർക്ക് വേണ്ടി ഖുർആൻ പാരായണം ചെയ്യാൻ കല്പിക്കുന്നു:

قَدْ نَصَّ الشَّافِعِيُّ وَالْأَصْحَابُ عَلَىَ أَنَّهُ يَقْرَأُ مَا تَيَسَّرَ مِنَ الْقُرْآنِ وَيَدْعُو لِلْمَيِّتِ عَقِيبَهَا، وَفِيهِ فَائِدَتَانِ: أَحَدُهُمَا أَنّ الدُّعَاءَ عَقِبَ الْقِرَاءَةِ أَقْرَبُ إِلَى الْإِجَابَةِ، وَالثَّانِي: يَنَالُ الْمَيِّتُ بَرَكَةَ الْقِرَاءَةِ، كَالْحَاضِرِ الْحَيِّ-الخ.

- قَضَاءُ الْأَرَبِ فِي أَسْئِلَةِ حَلَبَ:/453-454)لِلإِمَامِ تَقِيُّ الدِّينِ السُّبْكِيِّ-756هـ،
- شَرَحُ الْمُهَذَّبِ:260/5) وَ(رَوْضَةُ الطَّالِبِينْ:191/5)لِلْإِمَامِ النَّوَوِيِّ،
- الْفَوْزُ الْعَظِيمِ فِي لِقَاءِ الْكَرِيمِ:ص/123)لِلْحَافِظِ السُّيُوطِيِّ
- قُرَّةُ الْعَيِنِ بِالْمَسَرَّةِ الْحَاصِلَةِ بِالثَّوَابِ لِلْمَيِّتِ وَالْأَبَوَيْنِ :116) لِلْحَافِظِ السَّخَاوِيِّ
- تُحْفَةَ الْمُحْتَاجِ:100/4) لِخَاتِمَةِ الْمُحَقِّقِينْ ابْنُ حَجَرِ الْهَيْتَمِيِّ رَحِمَهُمُ اللهُ

മഹാനായ ഇമാം തഖിയ്യുദ്ദീൻ അസ്സുബ്ക്കി(റ) പറയുന്നു: "നിശ്ചയം ഇമാം ശാഫിഈ(റ) തന്റെ അനുചരന്മാരും മരണപ്പെട്ട വർക്കുവേണ്ടി സാധിക്കുന്ന രീതിയിൽ ഖുർആൻ പാരായണം ചെയ്യണമെന്നും ശേഷം മരണപ്പെട്ടവർക്ക് വേണ്ടി പ്രാർത്ഥിക്കണമെന്നും ഖണ്ഡിതമായി പഠിപ്പിച്ചിട്ടുണ്ട്. അങ്ങിനെ ചെയ്യുന്നതിൽ രണ്ട് ഗുണമാണുള്ളത്. ഒന്ന്:നിശ്ചയം ഖുർആൻ പാരായണം ചെയ്തശേഷം പ്രാർത്ഥനക്ക് ഏറ്റവും കൂടുതൽ ഉത്തരം ലഭിക്കപ്പെടുന്നതാണ്. രണ്ട്: ജീവിച്ചിരിക്കുവരെ പോലെ തന്നെ മരണ പ്പെട്ടവർക്കും ഖുർആൻ പാരായണം ചെയ്തതിന്റെ ബറക്കത്ത് ലഭിക്കുന്നതുമാണ്. ഇമാം സുബ്ക്കി(റ) തന്റെ **(ഖളാഉൽ അറബി ഫീ അസ്ഇലത്തി ഹലബ്:പേജ്/453-454)**

ഇക്കാര്യം മഹാനായ ഇമാം നവവി(റ) തന്റെ (ശറഹുൽ മുഹദ്ദബ്:5/286)ലും (റൗളത്തു ത്ത്വാലിബീൻ:5/191) ലും, ഹാഫിളുസ്സുയൂത്വി(റ) തന്റെ (അൽഫൗസു ൽഅളീം ഫീ ലിഖാഇൽകരീം: പേജ്/123)ലും, ഖാത്തിമത്തുൽ മുഹഖിഖീൻ ഇബ്നുഹജരിൽ ഹൈത്തമി(റ) തന്റെ (തുഹ്ഫത്തുൽ മുഹ്ത്താജ്:4/100)ലും മറ്റു ശാഫിഈ മദ്ഹബിലെ ഇമാമുകളും അവരുടെ കിത്താബുകളിൽ പഠിപ്പിച്ചതായി കാണാം.

Sunnahclub.in

**ഇമാം ശാഫിഈ(റ) ഖുർആൻ പാരായണത്തെ അംഗീകരിക്കുന്നു:**

ഇമാം ശാഫിഈ(റ)വിന്റെ പ്രധാന ശിഷ്യനായ ഇമാം സഅ്ഫറാനി(റ) പറയുന്നു:

وَعَنِ الزَّعْفَرَانِيِّ قَالَ: سَأَلْتُ الشَّافِعِيَّ رَضِيَ اللهُ عَنْهُ: عَنِ الْقِرَاءَةِ عِنْدَ الْقَبْرِ فَقَالَ: لاَ بَأْسَ بِه، وَهَذَا نَصٌّ غَرِيبٌ عَنِ الشَّافِعِيِّ وَالزَّعْفَرَانِيُّ مِنْ رُوَاةِ الْقَدِيمِ وَهُوَ ثِقَةٌ وَإِذَا لَمْ يَرِدْ فِي الْجَدِيدِ مَا يُخَالِفُ نُصُوصَ الْقَدِيمِ فَهُوَ مَعْمُولٌ بِهِ.

- فَتَاوَى لِلْحَافِظِ الْعَسْقَلاَنِي:ص/35-36
- شَرَحُ الصُّدُورِ بِشَرَحِ حَالِ الْمَوْتَى وَالْقُبُورِ:ص/311
- الْفَوْزُ الْعَظِيمِ فِي لِقَاءِ الْكَرِيمِ لِلْحَافِظِ السُّيُوطِي :ص/122-123
- قُرَّةُ الْعَيْنِ لِلْحَافِظِ السَّخَاوِيِّ رحمهم الله. :ص/108

“ഖബ്റിനു സമീപത്തു വെച്ച് ഖുർആൻ പാരായണം ചെയ്യുന്നതിനെ കുറിച്ച് ഞാൻ ഇമാം ശാഫിഈ(റ) യോട് ചോദിച്ചു. അപ്പോൾ ഇമാം ശാഫിഈ(റ) പറഞ്ഞു: “അത് കുഴപ്പമില്ല”

ഇതുദ്ധരിച്ചു കൊണ്ട് ഹാഫിള് ഇബ്നുഹജരിൽ അസ്ഖലാനി(റ) പറയുന്നു: ഈ പറഞ്ഞത് ഇമാം ശാഫിഈ (റ)വിൽ നിന്നും ഖുർആൻ പാരായണം ചെയ്യുന്നതിനുള്ള ഖണ്ഡിതമായ തെളിവാണ്. ഇമാം സഅ്ഫറാനി(റ) ഇമാം ശാഫിഈ(റ)വിന്റെ ഖദീമായ അഭിപ്രായങ്ങൾ റിപ്പോർട്ട് ചെയ്യുന്ന സ്വീകാര്യനായ ഇമാമാണ്. ജദീദായ അഭിപ്രായങ്ങളിൽ ഈ പറഞ്ഞതിന്ന് വിരുദ്ധമായി വന്നിട്ടില്ലെങ്കിൽ ഇതുകൊണ്ട് അമൽ ചെയ്യാവുന്നതാണ്.”

ഇത് ഹാഫിള് ഇബ്നു ഹജറുൽ അസ്ഖലാനി(റ) തന്റെ ഫത്താവാ (പേജ്:35-36)ലും, ഹാഫിളുസ്സുയൂത്വീ(റ) തന്റെ

ശറഹുസ്സ്വുദൂർ (പേജ്:311)ലും, തന്റെ (അൽഫൗസുൽ അളീം ഫീ ലിഖാളിൽ കരീം (പേജ്:122-123)ലും ഹാഫിളു സ്സഖാവി (റ) തന്റെ (ഖുർറത്തുൽ ഐൻ (പേജ്:108) ലും, പുത്തൻ വാദികൾ അവരുടെ പൂർവ്വകാല നേതാക്കളിൽ രണ്ടാമനായി മുജാഹിദ് സെന്റർ പുറത്തിറക്കിയ "ഇസ്ലാഹീ പ്രസ്ഥാന ചരിത്രത്തിനൊരാമുഖം" എന്ന ബുക്കിൽ പരിചയപ്പെടുത്തിയ ഇബ്നുൽഖയ്യിം അൽജൗസിയ്യ തന്റെ കിത്താബുർറൂഹ് (പേജ്:16)ലും മറ്റു നിരവധി ഇമാമുകളും പറയുന്നതായി കാണാം.

## ഇമാം ശാഫിഈ(റ) തന്നെ ഖബ്റിന് സമീപം ഖുർആൻ ഓതി ലോകത്തെ പഠിപ്പിക്കുന്നു:

മഹാനായ ഇമാം ശാഫിഈ(റ) തന്നെ വഫാത്തായ മഹത്തുക്കൾക്ക് വേണ്ടി ഖുർആൻ പാരായണം നടത്തിയതായി ഇമാമുകൾ രേഖപ്പെടുത്തി വെച്ചതായി കാണാം. മാലിക്കീ മദ്ഹബിലെ പ്രമുഖ പണ്ഡിതന്മാരിൽ പെട്ട അശ്ശൈഖ് അലി സാലിം അൽ മനൂഫി(റ) പറയുന്നത് കാണുക:

وَنُقِلَ عَنِ الشَّافِعِيِّ اِنْتِفَاعَ الْمَيِّتِ بِالْقِرَاءَةِ عَلَى قَبْرِه، وَتَوَاتَرَ أَنَّ الشَّافِعِيَّ زَارَ اللَّيْثَ بْنَ سَعْدٍ وَقَرَأَ عِنْدَهُ خَتْمَةً وَقَالَ أَرْجُو أَنْ تَدُومَ فَكَانَ الْأَمْرُ كَذَلِكَ.

- ضَوْءُ الْبُدُورِ لِلشَّيْخِ عَلِي سَالِمِ الْمَنُوفِيِّ الْمَالِكِيِّ. :ص/51
- إِتْحَافُ السَّادَةِ الْمُتَّقِينْ لِلْعَلاَّمَةِ الزَّبِيدِي-1205هـ :369/10
- مَعْدِنُ الْيَوَاقِيتِ الْمُلْتَمِعَةِ فِي مَنَاقِبِ الْأَئِمَّةِ الْأَرْبَعَةِ لِلْإِمَامِ ابْنُ حَجَرِ الْهَيْتَمِيِّ:ص/201
- مَغَانِي الْأَخْيَارِ فِي شَرَحِ أَسَامِي رِجَالِ مَعَانِي الْآثَارِلِلْإِمَامِ الْعَيْنِيِّ-855هـ، :505/2
- الْقَوْلُ بِالْإِحْسَانِ الْعَمِيمِ فِي انْتِفَاعِ الْمَيِّتِ بِالْقُرْآنِ الْعَظِيمِلِلْإِمَامِ ابْنِ الْقَطَّانِ الْعَسْقَلَانِيِّ-813هـ:ص/3)

“ഖബ്റിന്നു സമീപത്ത് വെച്ചു ഖുർആൻ പാരായണം ചെയ്യുന്നതു കൊണ്ട് മയ്യിത്തിനു ഉപകരിക്കും എന്ന് ഇമാം ശാഫിഈ(റ) യിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഹിജ്റ:175 ൽ വഫാതായ ഹാഫിളും മുഹദ്ദിസും ഫഖീഹുമായിരുന്ന ശൈഖുൽ ഇസ്‌ലാം അബുൽ ഹാരിസ് അല്ലൈസു ബ്നു സഅ്ദ് (റ)വിന്റെ ഖബ്ർ ഇമാം ശാഫിഈ(റ) സിയാറത്ത് ചെയ്യുകയും അവിടെ വെച്ച് വിശുദ്ധ ഖുർആൻ ഖത്മു ചെയ്യുകയും മഹാന്റെ ഖബ്റിനു സമീപത്ത് ഖുർആൻ പാരായണം എക്കാലത്തും നിലനിൽക്കണമെന്നു ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. അങ്ങിനെ അല്ലാമാ മനൂഫിയുടെ കാലത്തും അവരുടെ ഖബ്റിന്നു സമീപം ഖുർആൻ പാരാ യണം നടന്നു കൊണ്ടേയിരുന്നുവെന്ന് അല്ലാമാ അലിഅൽ മനൂഫി(റ) തന്റെ ഊഉൽബുദൂർ ഫീമായൻഫഉൽഅഹ്,യാഉ വഅഹ്വാലുൽ ഖുബൂർ(പേജ്:51)ൽ വിവരിച്ചതായി കാണാം.

അല്ലാമാ മനൂഫിക്കു മുമ്പ് അല്ലാമാ മുർത്തളാ അസ്സബീദീ(റ) തന്റെ ഇത്ഹാഫു സ്സാദത്തിൽ മുത്തഖീൻ (10/369) ലും അവർക്കു മുമ്പ് ശാഫിഈ മദ്ഹബിലെ അവസാന വാക്കായ ഖാത്തിമത്തുൽ മുഹഖിഖീൻ ഇബ്നുഹജറുൽ ഹൈത്തമി(റ)തന്റെ മഅ്ദിനുൽ യവാഖീത്തിൽ മുൽത്തമിഅ (പേജ്:201) ലും, മഹാനവർകൾക്കു മുമ്പ് ഹനഫീ മദ്ഹബിലെ പ്രമുഖ ഇമാമും മുഹദ്ദിസുമായ ഇമാം ബദ്റുദ്ദീൻ അൽ ഐനി(റ) തന്റേ മഗ്വാനിൽ അഖ്.യാർ ഫീ ശറഹി അസാമീ രിജാലി മആനിൽ ആസാർ(2/505)ലും, മഹാനുമുമ്പ് ഹാഫിള് ഇബ്നുഹജരിൽ അസ്ഖലാനി(റ)യുടെ ഉസ്താദായ ഇമാം ഇബ്നുൽ ഖത്ത്വാൻ അൽ അസ്ഖലാനി(റ) തന്റെ അൽഖൗലു ബിൽഇഹ്സാനിൽ അമീം(പേജ്:3)ലും മറ്റു ഇമാമുകളും അവരുടെ കിത്താബുകളിൽ പഠിപ്പിക്കുന്നതായി കാണാം.

ഇവിടെ മഹാനായ ഇമാം ശാഫിഈ(റ) തന്നെ വഫാതായ മഹാന്റെ ഖബ്റിന്നരികിൽ ഖുർആൻ പാരായണം ചെയ്തു ലോകത്തെ പഠിപ്പിക്കുകയാണ്.

**ഇമാം ശാഫിഈ(റ) വിന്റെ ശിഷ്യന്മാർ ഇമാം ശാഫിഈ(റ) വിന്റെ ചാരത്ത് ഖുർആൻ പാരായണം നടത്തുന്നു:**

മഹാനായ ഇമാം ശാഫിഈ(റ) വഫാത്തായി കിടക്കുമ്പോൾ തന്റെ ശിഷ്യന്മാർ അവിടുത്തിന്റെ സമീപത്തു വിശുദ്ധ ഖുർആ നിലെ സൂറതു യാസീൻ പാരായണം ചെയ്ത സംഭവം ഇമാമുകൾ റിപ്പോറ്ട്ട് ചെയ്തത് നമുക്കുദ്ധരിക്കാം. ഹിജ്റ:363 ൽ വഫാത്തായ ഹാഫിളും പ്രസിദ്ധ ഹദീസ് പണ്ഡിതനും, ശൈഖു അഇമ്മത്തിൽ ഹദീസ് എന്ന സ്ഥാനപ്പേരിൽ അറിയപ്പെട്ടവരുമായ ഇമാം അബുൽഹസൻ അൽആബുർരീ(റ) ഇമാം ശാഫിഈ(റ)യുടെ ശിഷ്യന്മാരിൽ നിന്ന് ഉദ്ധരിച്ചു പറയുന്നു:

عَنِ ابْنِ عَبْدِ الْحَكَمِ [وَسُئِلَ] عَنِ الْقِرَاءَةِ عِنْدَ رَأْسِ الْمَيِّتِ؟ فَقَالَ: كَانَ أَصْحَابُنَا مُجْتَمِعِينَ عِنْدَ رَأْسِ الشَّافِعِيِّ وَرَجُلٌ يَقْرَأُ سُورَةَ يَسِنْ فَلَمْ يُنْكِرْ ذَلِكَ عَلَيْهِ أَحَدٌ مِنْهُمْ.

- مَنَاقِبُ الْإِمَامِ الشَّافِعِيِّ لِلْحَافِظِ الْآبُرِّي-363هـ : ص/137
- مَنَاقِبُ الشَّافِعِيِّ لِلْحَافِظِ الْبَيْهَقِيِّ-458هـ :299/2
- تَبْصِيرُ بَصَائِرِ الْمُقَلِّدِينْ للعلامة الكرمي-1033هـ :150.

“മഹാനായ ഇബ്നു അബ്ദിൽ ഹക്കം(റ) നോട് മയ്യിത്തിന്റെ തലഭാഗത്തിരുന്ന് ഖുർആൻ പാരായണം ചെയ്യുന്നതിനെ പറ്റി ചോദിക്കപ്പെട്ടു? അപ്പോൾ അവർ പറഞ്ഞു: "ഇമാം ശാഫിഈ(റ)യുടെ ശിഷ്യന്മാരായ ഞങ്ങൾ വഫാത്തായി കിടക്കുന്ന ഇമാം ശാഫി ഈ(റ) വിന്റെ തലഭാഗത്തിരിക്കുകയും ഒരാൾ സൂറതുൽ യാസീൻ പാരായണം ചെയ്യുകയും

Sunnahclub.in

ചെയ്തിരുന്നു. അവിടെ കൂടിയ ഒരു പണ്ഡിതനും ആ പ്രവർത്തിയെ വിമർശിച്ചിട്ടില്ല.”

ഇത് ഹാഫിള് അൽ ആബുർരി(റ) തന്റെ (മനാഖിബുൽ ഇമാമിശ്ശാഫിഈ(റ) (പേജ്:137)ലും, ഇമാം ശാഫിഈ(റ) ചരിത്രം രേഖപ്പെടുത്തിയ ഏറ്റവും പ്രസിദ്ധ മുഹദ്ധിസ് ഇമാം ബൈഹഖി(റ) തന്റെ മനാഖിബുശ്ശാഫിഈ(പേജ്:2/299)ലും, അല്ലാമാ യൂസുഫ് അൽകറമി തന്റെ(തബ്സ്വീറു ബസ്വാഇരിൽ മുഖല്ലിദീൻ(പേജ്:150)ലും രേഖപ്പെടുത്തിയതായി കാണാം.

ഇവിടെ നാ മനസ്സിലാക്കേണ്ടത് മരണപ്പെട്ടവർക്ക് വേണ്ടി ഖുർആൻ പാരായണം പാടില്ലെന്നാണു ഇമാം ശാഫിഈ(റ) പഠിപ്പിച്ചിരുന്നതെങ്കിൽ തന്റെ സ്വന്തം ശിഷ്യന്മാർ മഹാൻ വഫാത്തായ സമയത്ത് തന്റെ തലഭാഗത്തിരുന്ന് ഖുർആൻ പാരായണം ചെയ്യില്ലായിരുന്നു. ഇനി അങ്ങിനെ ആരെങ്കിലും ഒരാൾ ചെയ്തതാണെന്നു വെച്ചാൽതന്നെ മറ്റു ശിഷ്യന്മാർ അതിനെ വിമർശിക്കേണ്ടതായിരുന്നു. മറിച്ച് ആരും വിമർശിക്കാതെ അംഗീകരിക്കുകയാണു ചെയ്തത്. ഈ സംഭവവും നമ്മെ ബോധ്യപ്പെടുത്തുന്നത്. മരണപ്പെട്ടവർക്ക് വേണ്ടിയുള്ള ഖുർആൻ പാരായണം കൊണ്ട് മരണപ്പെട്ട വർക്ക് ഉപകാരം ലഭിക്കും എന്നു തന്നെയാണ് മഹാനായ ഇമാം ശാഫിഈ(റ) പഠിപ്പിച്ചിട്ടുള്ളത് എന്നാണ്. അപ്പോൾ പിന്നെ മയ്യിത്തിലേക്ക് ഖുർആന്റെ പ്രതിഫലം ചേരില്ലെന്ന് പറഞ്ഞത് അവർക്ക് വേണ്ടി ഹദിയ ചെയ്യുകയും അതിന്റെ പ്രതിഫലം ലഭിക്കാൻ വേണ്ടി ദുആ ചെയ്യാതിരിക്കുമ്പാഴുമാണെന്ന് ഇമാമീങ്ങൾ പറഞ്ഞത് വ്യക്തമാകുന്നതാണ്.

Sunnahclub.in

## ഹാഫിള് ഇബ്നു കസീറിന്റെ വാദത്തെ തന്റെ സമകാലികൻ ഇബ്നുൽഖയ്യിം ഖണ്ഡിക്കുന്നു:

ഇനി മരണപ്പെട്ടവരിലേക്ക് ഖുർആൻ പാരായണം ചെയ്താൽ എത്തുകയില്ലെന്ന് ഇമാം ശാഫിഈ(റ) പറഞ്ഞതായി ഇബ്നുകസീർ തന്റെ തഫ്സീറിൽ പറയുന്നുണ്ട്. ശേഷം “നബി(സ്വ) ഇത് സുന്നത്തായി കല്പിച്ചിട്ടില്ലെന്നും, നബി(സ്വ) പ്രേരിപ്പിച്ചിട്ടില്ലെന്നും, സ്വഹാബത്തിൽ ആരും തന്നെ ഖുർആൻ പാരായണം നടത്തിയിട്ടില്ലെന്നും ഇബ്നു കസീർ പറയുന്നുണ്ട്. ഈ പറഞ്ഞതിന്ന് തന്റെ സമകാലികനും ഒപ്പം ജീവിച്ച ഇബ്നു തൈമിയ്യയുടെ ശിഷ്യനും വഹാബീ പ്രസ്ഥാനത്തിന്റെ ആശയ സ്രോതസ്സുമായ ഇബ്നുൽ ഖയ്യിം തന്റെ "കിത്താബുർറൂഹി"ൽ വിശാലമായി മറുപടി പറയുന്നുണ്ട്. അതിങ്ങനെ വായിക്കാം.

وَأَمَّا قِرَاءَةُ الْقُرْآنِ وَإِهْدَاؤُهَا لَهُ تَطَوُّعًا بِغَيْرِ أُجْرَةٍ فَهَذَا يَصِلُ إِلَيْهِ كَمَا يَصِلُ ثَوَابُ الصَّوْمِ وَالْحَجِّ. فَإِنْ قِيلَ: فَهَذَا لَمْ يَكُنْ مَعْرُوفًا فِي السَّلَفِ وَلاَ يُمْكِنُ نَقْلُهُ عَنْ وَاحِدٍ مِنْهُمْ مَعَ شِدَّةِ حِرْصِهِمْ عَلىَ الْخَيْرِ، وَلاَ أَرْشَدَهُمُ النَّبِيُّ صَلىَّ اللهُ عَلَيْهِ وَسَلَّمَ إِلَيْهِ، وَقَدْ أَرْشَدَهُمْ إِلَى الدُّعَاءِ وَالْإِسْتِغْفَارِ وَالصَّدَقَةِ وَالْحَجِّ وَالصِّيَامِ، فَلَوْ كَانَ ثَوَابُ الْقِرَاءَةِ يَصِلُ لَأَرْشَدَهُمْ إِلَيْهِ وَلَكَانُوا يَفْعَلُونَهُ. [فَالْجَوَابُ] إِنَّ مُورِدَ هَذاَ السُّؤَالِ إِنْ كَانَ مُعْتَرِفًا بِوُصُولِ ثَوَابِ الْحَجِّ وَالصِّيَامِ وَالدُّعَاءِ وَالْإِسْتِغْفَارِ قِيلَ لَهُ: مَا هَذِهِ الْخَاصِيَّةُ الَّتِي مُنِعَتْ وُصُولَ ثَوابِ الْقِرَاءَةِ وَاقْتَضَتْ وُصُولَ ثَوَابِ هَذِهِ الْأَعْمَالِ، وَهَلْ هَذَا إِلاَّ تَفْرِيقٌ بَيْنَ الْمُتَمَاثِلاَتِ ؟! وَإِنْ لَمْ يَعْتَرِفْ بِوُصُولِ تِلْكَ الْأَشْيَاءِ إِلَىَ الْمَيِّتِ فَهُوَ مَحْجُوجٌ بِالْكِتَابِ وَالسُّنَّةِ وَالْإِجْمَاعِ وَقَوَاعِدِ الشَّرْعِ.

وَأَمَّا السَّبَبُ الَّذِي لِأَجَلِهِ لَمْ يَظْهَرْ ذَلِكَ فِي السَّلَفِ فَهُوَ أَنَّهُمْ لَمْ يَكُنْ لَهُمْ أَوْقَافٌ عَلىَ مَنْ يَقْرَأُ وَيَهْدِي إِلَى الْمَوْتَى، وَلاَ كَانُوا يَعْرِفُونَ ذَلِكَ الْبَتَّةَ، وَلاَ كَانُوا يَقْصُدُونَ الْقَبْرَ لِلْقِرَاءَةِ عِنْدَهُ كَمَا يَفْعَلُهُ النّاَسُ الْيَوْمَ، وَلَا كَانَ أَحَدٌ يَشْهَدُ مَنْ حَضَرَهُ مِنَ النَّاسِ عَلىَ

أَنَّ ثَوَابَ هَذِهِ الْقِرَاءَةِ لِفُلاَنٍ الْمَيِّتِ؛ بَلْ وَلاَ ثَوَابَ هَذِهِ الصَّدَقَةِ وَالصَّوْمِ. ثُمَّ يُقَالُ لِهَذَا الْقَائِلِ: لَوْ كَلَّفْتَ أَنْ تَنْقُلَ عَنْ وَاحِدٍ مِنَ السَّلَفِ أَنَّهُ قَالَ: أَللهم ثَوَابَ هَذَا الصَّوْمِ لِفُلاَنٍ لَعَجَزْتَ، فَإِنَّ الْقَوْمَ كَانُوا أَحْرَصَ شَيْئٍ عَلىَ كَتْمَانِ أَعْمَالِ الْبِرِّ، فَلَمْ يَكُونُوا لَيَشْهَدُوا عَلى اللهِ بِإِيصَال ثَوابِها إِلَى أَمْوَاتِهِمْ. فَإِنْ قِيلَ: فَرَسُولُ اللهِ صَلىَّ اللهُ عَلَيْهِ وَسَلَّمَ أَرْشَدَهُمْ إِلَى الصَّوْمِ وَالصَّدَقَةِ وَالْحَجِّ دُونَ الْقِرَاءَةِ. قِيلَ: هُوَ صَلىَّ اللهُ عَلَيْهِ وَسَلَّمَ لَمْ يَبْتَدِئْهُمْ بِذَلِكَ، بَلْ خَرَجَ ذَلِكَ مِنْهُ مَخْرَجَ الْجَوَابِ لَهُمْ، فَهَذَا سَأَلَهُ عَنِ الْحَجِّ عَنْ مَيِّتِهِ فَأَذِنَ لَهُ فِيهِ، وَهَذَا سَأَلَهُ عَنِ الصِّيَامِ عَنْهُ فَأَذِنَ لَهُ، وَهَذَا سَأَلَهُ عَنِ الصَّدَقَةِ فَأَذِنَ لَهُ، وَلَمْ يَمْنَعْهُمْ مِمَّا سِوَى ذَلِكَ، وَأَيُّ فَرْقٍ بَيْنَ وُصُولِ ثَوابِ الصَّوْمِ الَّذِي هُوَ مُجَرَّدُ نِيَّةٍ وَإِمْسَاكٍ، وَبَيْنَ وُصُولِ ثَوَابِ الْقِرَاءَةِ وَالذِّكْرِ؟ وَالْقَائِلُ: إِنَّ أَحَدًا مِنَ السَّلَفِ لَمْ يَفْعَلْ ذَلِكَ قَائِلٌ مَا لاَ عِلْمَ لَهُ بِهِ، فَإِنَّ هَذِهِ شَهَادَةٌ عَلىَ نَفْيِ مَا لَمْ يَعْلَمْهُ،........ وَسِرُّ الْمَسْأَلَةِ أَنَّ الثَّوَابَ مِلْكٌ لِلْعَامِلِ، فَإِذَا تَبَرَّعَ بِهِ وَأَهْدَاهُ إِلَى أَخِيهِ الْمُسْلِمِ أَوْصَلَهُ اللهُ إِلَيْهِ، فَمَا الَّذِي خُصَّ مِنْ هَذَا ثَوابَ قِرَاءَةِ الْقُرْآنِ وَحَجَرَ عَلىَ الْعَبْدِ أَنْ يُوصِلَهُ إِلىَ أَخِيهِ الْمُسْلِمِ؟ وَهَذاَ عَمَلُ سَائِرِ النَّاسِ حَتَّى الْمُنْكِرِينَ فِي سَائِرِ الأَعْصَارِ وَالأَمْصَارِ مِنْ غَيْرِ نَكِيرٍ مِنَ الْعُلَمَاءِ. **(كِتَابُ الرُّوحِ لِابْنِ الْقَيِّمِ الْجَوْزِيَّةِ:172- 173)**

"വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും അതിനെ കൂലിവാങ്ങാതെ മരണപ്പെട്ടവർക്ക് ദാനം ചെയ്യുകയും ചെയ്താൽ നോമ്പിന്റെയും ഹജ്ജിന്റെയും പ്രതിഫലം ലഭിക്കുന്നതു പോലെ ഖുർആൻ പാരായണത്തിന്റെയും പ്രതിഫലം മരണപ്പെട്ടവരിലേക്ക് ചേരുന്നതാണ്. അപ്പോൾ ഈ പ്രവർത്തി സലഫുകളിൽ അറിയപ്പെട്ടിട്ടില്ലെന്നും, സലഫുകളിൽ ആരിൽ നിന്നും ഉദ്ധരിക്കപ്പെട്ടിട്ടില്ലെന്നും, നബി(സ്വ) കല്പിച്ചിട്ടില്ലെന്നും അവിടുന്ന് മരിച്ചവർക്കു വേണ്ടി നോമ്പ്, സ്വദഖ, ഹജ്ജ്, ഇസ്തിഗ്ഫാർ എന്നിവ കൊണ്ടും പ്രാർത്ഥന കൊണ്ടും കല്പിച്ചുട്ടുമുണ്ട്, മരണപ്പെട്ടവരിലേക്ക് ഖുർആൻ പാരായണത്തിന്റെ പ്രതിഫലം എത്തുമാ യിരുന്നെങ്കിൽ നബി(സ്വ) അത് കല്പിക്കുകയും സ്വഹാബത്ത് പ്രാവർത്തികമാക്കുകയും ചെയ്യുമായിരുന്നു

Sunnahclub.in

എന്നാണു നീ പറയുന്നതെങ്കിൽ അതിനുള്ള ഉത്തരം: ഇങ്ങ നെയുള്ള ചോദ്യം ചോദിക്കുന്നയാൾ ഹജ്ജിന്റേയും നോമ്പി ന്റേയും പ്രാർത്ഥനയുടേയും ഇസ്തിഗ്ഫാറിന്റെയും പ്രതിഫലം മരണപ്പെട്ടവരിലേക്ക് എത്തുമെന്നാണു പറയുന്നതെങ്കിൽ അവരോട് ചോദിക്കാനുള്ളത് ഈ പറയപ്പെട്ട കർമ്മങ്ങളുടെ പ്രതിഫലം മരണപ്പെട്ടവരിലേക്ക് ചേരുകയും ഖുർആൻ പാരായണത്തിന്റെ പ്രതിഫലം മരണപ്പെട്ടവരിലേക്ക് ചേരുന്ന തിനെ തടയുകയും ചെയ്യുന്ന ഒരു പ്രത്യേക കാര്യം എന്താണ്? ഇത് തുല്യമായ രണ്ട് കാര്യങ്ങൾക്കിടയിൽ വേർതിരിവു കാണിക്കലല്ലേ?! ഇനി ഈ പറയപ്പെട്ട ഒരു കർമ്മവും മരണപ്പെട്ടവരിലേക്ക് ചേരുകയില്ലെന്നാണു പറയുന്നതെങ്കിൽ അത് ലഭിക്കുമെന്നത് ഖുർആൻ കൊണ്ടും സുന്നത്തു കൊണ്ടും ഇജ്മാഉ കൊണ്ടും ഇസ്,ലാമിക ശരീഅത്തിലെ നിയമങ്ങളെ കൊണ്ടും തെളിയിക്കപ്പെട്ടതാണ്.

ഈ പറയപ്പെട്ട കാരണത്തിനു വേണ്ടി സലഫുകൾക്ക് മരണപ്പെട്ടവർക്ക് ഖുർആൻ പാരായണത്തിനുള്ള വഖ്ഫോ, ദാനം ചെയ്യലോ ഉണ്ടായിരുന്നില്ല. അങ്ങിനെ ഒരുകാര്യം അവർക്ക് അറിയുകപോലുമില്ല. സലഫുകൾ ഇന്നു ജനങ്ങൾ ചെയ്യുന്നതു പോലെ ഖുർആൻ പാരായണത്തിനു വേണ്ടി ഖബ്റുകൾക്ക് സമീപത്തേക്ക് പോകാറുമില്ല. അവരിൽ ഒരാളും പാരായണം ചെയ്യപ്പെട്ട ഖുർആനിന്റെ പ്രതിഫലം ഇന്നാലിന്ന വ്യക്തിക്കാണെന്ന് സന്നിഹിതരായ ജനങ്ങളെ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. എന്നല്ല ഞാൻ ഈചെയ്ത സ്വദഖയുടെയും നോമ്പിന്റെയും പ്രതിഫലം മരണപ്പെട്ടവർക്ക് ദാനം ചെയ്യുന്നു എന്ന് അവർ പറഞ്ഞിട്ടില്ല. ഇങ്ങനെ പറയുന്നവരോട് ചോദിക്കാനുള്ളത്. നോമ്പിന്റെ പ്രതിഫലം ഇന്നാലിന്ന വ്യക്തിക്ക് ഞാൻ ദാനം ചെയ്തു എന്ന കാര്യം സലഫുകളിൽ ആരിൽ നിന്നെങ്കിലും ഉദ്ധരിക്കാൻ നീ

Sunnahclub.in

ശ്രമിച്ചാൽ ആശ്രമം പാഴ്,വേലയാകുന്നതാണ്. കാരണം സലഫുകൾ അവർ ചെയ്ത സൽകർമ്മങ്ങളെ മറച്ചുവെക്കാൻ ഏറ്റവും ആഗ്രഹിക്കുന്നവരായിരുന്നു. അവർ അങ്ങിനെ ചെയ്യുന്നതൊന്നും ജനങ്ങൾക്ക് ബോധ്യപ്പെടുത്താറില്ലായിരുന്നു. ഇനി 'നബി(സ്വ) നോമ്പ് കൊണ്ടും ഹജ്ജ് കൊണ്ടും സ്വദഖകൊണ്ടുമെല്ലാം കല്പിച്ചിട്ടുണ്ട്, ഖുർആൻ പാരായണം കൊണ്ട് കല്പിച്ചിട്ടില്ല' എന്നാണു പറയുന്നതെങ്കിൽ അവരോട് പറയാനുള്ള മറുപടി നോമ്പ് അനുഷ്ഠിക്കാനും ദർമ്മം ചെയ്യാനും ചെയ്യാനുമൊന്നും നബി(സ്വ) തുടങ്ങിപ്പറഞ്ഞതല്ല. മറിച്ച് സ്വഹാബാക്കളുടെ ചോദ്യങ്ങൾക്ക് മറുപടിയായി പറഞ്ഞതാണ്. ചില സ്വഹാബികൾ നോമ്പനുഷ്ഠിക്കുന്നതിനെ കുറിച്ചും മറ്റു ചിലർ സ്വദഖ ചെയ്യുന്നതിനെ പറ്റിയും, മറ്റു ചിലർ ഹജ്ജ് ചെയ്യുന്നതിനെ പറ്റിയുമൊക്കെ ചോദിച്ചപ്പോഴാണ് അവകളെ പറ്റി നബി(സ്വ) പറഞ്ഞിട്ടുള്ളത്. അവകളല്ലാത്ത സൽകർമ്മങ്ങൾ ചെയ്യരുതെന്ന് നബി(സ്വ) പറഞ്ഞിട്ടില്ല. പിന്നെ എന്ത് വ്യത്യാസമാണ് സ്വദഖയും ഹജ്ജും നോമ്പും ചെയ്യുന്നതു കൊണ്ട് മരണപ്പെട്ടവർക്ക് എത്തുകയും ഖുർആൻ പാരായണം ചെയ്യുന്നത് എത്താതിരിക്കുകയും ചെയ്യുന്നതിൽ?

സലഫുകളാരും അങ്ങിനെ ചെയ്തിട്ടില്ലെന്നു പറയുന്നത് പറയുന്നവർക്ക് അതേകുറിച്ച് അറിയാത്തതു കൊണ്ടാണ്. അവർ അവർക്ക് അറിയാത്ത ഒന്നിന്റെ മേൽ സാക്ഷ്യപ്പെടുത്തുകയാണ് ചെയ്യുന്നത്.... "ഈ വിഷയത്തിലെ രഹസ്യം: ഒരു കർമ്മത്തിന്റെ പ്രതിഫലം ആ കർമ്മം ചെയ്തയാൾക്ക് ഉടമപ്പെട്ടതാണ്, ആ ഉടമാവകാശത്തിലുള്ളതിനെ തന്റെ സഹോദരന് ദാനം ചെയ്താൽ അല്ലാഹു അതിനെ ആ സഹോദരനിലേക്ക് എത്തിക്കുന്നതാണ്. കാര്യം ഇങ്ങനെയായിരിക്കെ ഖുർആൻ പാരായണം ചെയ്ത് ദാനം ചെയ്യുന്നതു മാത്രം

മരണപ്പെട്ടവരിലേക്ക് എത്തുകയില്ലെന്നതിനെ പ്രത്യേകമാക്കുന്ന എന്തൊരു കാരണമാണുള്ളത്? ഖുർആൻ പാരായണമാണങ്കിലോ എല്ലാ നാടുകളിലും എല്ലാ കാലത്തും ആരി ൽ നിന്നും ഒരു എതിർപ്പും കൂടാതെ വിമർശകർ പോലും അനുവർത്തിച്ചുവരുന്ന ഒരു കർമ്മമാണ്." (കിത്താബു റൂഹ്: പേജ്:172-173)

ഇനി ഇബ്നുകസീർ അടക്കമുള്ളവർ പറഞ്ഞ സലഫുകളും സ്വഹാബത്തും ഖുർആൻ പാരായണം ചെയ്തിട്ടില്ലെന്ന വാദത്തെ ഇബ്നുൽഖയ്യിമും മറ്റും ഇമാമുകളും തകർക്കുന്നത് കാണുക:

قَالَ الْخَلاَّلُ: عَنْ عَبْدِ الرَّحْمَنِ بْنِ الْعَلاَءِ ابْنِ اللَّجْلَاجِ عَنْ أَبِيهِ أَنَّهُ أَوْصَى إِذَا دُفِنَ أَنْ يَقْرَأَ عِنْدَ رَأْسِهِ بِفَاتِحَةِ الْبَقَرَةِ وَخَاتِمَتِهَا، وَقَالَ: سَمِعْتُ ابْنَ عُمَرَ يُوصِي بِذَلِكَ،

ഹിജ്റ:311.ൽ വഫാത്തായ ഇമാം അബൂബക്കർ അൽ ഖല്ലാൽ(റ) അബ്ദുൽ റഹ്,മാൻ അല്ലജ്,ലാജ്(റ) തന്റെ പിതാവിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നു: തന്റെ പിതാവ് തന്നെ മറവു ചെയ്താൽ തന്റെ തലയുടെ ഭാഗത്തിരുന്ന് സൂറത്തുൽ ബഖറയുടെ ആദ്യ ഭാഗവും അവസാന ഭാഗവും പരായണം ചെയ്യാൻ വസ്വിയ്യത്ത് ചെയ്തു കൊണ്ട് പറഞ്ഞത് മഹാനായ മുത്തബിഉസ്സുന്ന: ഇബ്നു ഉമർ(റ) അങ്ങിനെ പാരായണം ചെയ്യാൻ വസ്വിയ്യത്ത് ചെയ്തിരുന്നു എന്നതാണ്.

ഇമാം ഖല്ലാൽ ഇമാം ശഅ്ബി(റ)യിൽ നിന്നും ഉദ്ധരിച്ചു പറയുന്നു:

وَذَكَرَ الْخَلاَّلُ عَنِ الشَّعْبِيِّ قَالَ: كَانَتِ الْأَنْصَارُ إِذَا مَاتَ لَهُمُ الْمَيِّتُ إخْتَلَفُوا إِلَى قَبْرِهِ يَقْرَؤُونَ عِنْدَهُ الْقُرْآنْ.

- كِتَابُ الرُّوحْ:ص/16) لِابْنِ الْقَيِّمِ الْجَوْزِيَّةِ،

Sunnahclub.in

- الْقُبُور: للْإِمَامِ أَبُو بَكَرِ الْخَرَائِطِيّ الْمُتَوَفَّى سَنَةَ:327 ص :138
- وَالْحَافِظُ ابْنُ حَجَرِ الْعَسْقَلَانِي، فِي(الْفَتَاوَى:ص/34) و(تَلْخِيصُ الْحَبِيرْ:246/4)
- وَالْحَافِظُ السَّخَاوِي فِي (قُرَّةِ الْعَيْنِ:ص/61)
- الْحَافِظُ السُّيُوطِيُّ، فِي(شَرَحِ الصُّدُورِ:ص/311) وَ(الْفَوْزُ الْعَظِيمِ فِي لِقَاء الْكَرِيمْ:ص/123)

"അൻസ്വാറുകളായ സ്വഹാബത്ത് അവരിൽ ആരെങ്കിലും മരണപ്പെട്ടാൽ അദ്ധേ ഹത്തിന്റെ ഖബ്,റിന്ന് സമീപത്ത് വെച്ച് ഖുർആൻ പാരായണം നടത്താറുണ്ടായിരുന്നു. **(കിത്താബു റൂഹ് ,പേജ്:16)**

മറ്റു ധാരാളം ഇമാമുകൾ ഇത് ഉദ്ധരിച്ച പഠിപ്പിച്ചതാ യി കാണാം, അവരിൽ പെട്ടവരാണ്, ഹിജ്റ:327.ൽ വഫാത്തായ ഹാഫിൾ അബൂബക്കർ അൽഖറാഇത്വി(റ) തന്റെ കിത്താബു ൽഖുബൂർ (പേജ്:138)ലും, ഹാഫിള് ഇബ്നുഹജരിൽ അസ് ഖലാനി(റ) തന്റെ ഫത്താവാ(പേജ്:34)ലും തന്റെ തൽഖീ സ്വുൽ ഹബീർ (4/246)ലും, ഹാഫിളുസ്സഖാവി(റ) തന്റെ ഖുർ ത്തുൽഐൻ (പേജ്:61)ലും, ഹാഫിളുസ്സുയൂത്വി(റ) തന്റെ ശറഹു സ്സ്വുദൂർ (പേജ്:311)ലും തന്റെ അൽഫൗസുൽ അളീം (പേജ്:123)ലും, മറ്റു നിരവധി ഇമാമുകളും ഉദ്ധരിച്ചു പഠിപ്പിച്ച തായി കാണാം.

ഈ സംഭവം ഉദ്ധരിച്ചു കൊണ്ട് കേരളത്തി ലെ പുത്തൻവാദികളും വിദേശത്തുള്ള സലഫികളും അവരുടെ വാക്താവായി പരിചയപ്പെടുത്തിയ 'സ്വിദ്ദീഖ് ഖാൻ അൽഖി ന്നൂജി' പറയുന്നതുകൂടി വായിക്കുക:

وَعَنِ ابْنِ عُمَرَ إِسْتَحَبَّ أَنْ يَقْرَأَ عَلىَ الْقَبْرِ بَعْدَ الدَّفَنِ أَوَّلَ سُورَةِ الْبَقَرَةِ وَخَاتِمَتَهَا. رَوَاهُ الْبَيْهَقِيُّ فِي سُنَنِهِ بِإِسْنَادٍ حَسَنٍ، قَالَ شَارِحُ الْعُدَّةِ وَهُوَ وَإِنْ كَانَ مِنْ قَوْلِهِ فَمِثْلُ

Sunnahclub.in

ذَلِكَ لَا يُقَالُ مِنْ قِبَلِ الرَّأْيِ وَيُمْكِنُ أَنَّهُ لَمَّا عَلِمَ بِمَا وَرَدَ فِي فَضْلِ ذَلِكَ عَلَى الْعُمُومِ إِسْتَحَبَّ أَنْ يَقْرَأَ عَلَى الْقَبْرِ لِكَوْنِهِ فَاضِلاً رَجَاءَ أَنْ يَنْفَعَ الْمَيِّتُ بِتِلَاوَتِهِ. **(نُزُلُ الأَبْرَارِ بِالْعِلْمِ الْمَأْثُورِمِنَ الأَدْعِيَّةِ وَالأَذْكَارِ:ص/290) لِلْقِنُّوجِي**

മഹാനായ ഇബ്നുഉമർ(റ) ഖബ്റിന്ന് സമീപം സൂറത്തുൽ ബഖറയുടെ ആദ്യഭാഗവും അവസാനഭാഗവും പാരായണം ചെയ്യലിനെ സുന്നത്തായി കണ്ടിരുന്നു. ഇമാം ബൈഹഖി(റ) സ്വീകാര്യമായ പരമ്പരയിലൂടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. "ശാരിഹുൽ ഉദ്ധ" പറയുന്നു: ഈപറഞ്ഞത് ഇബ്നുഉമർ(റ) വിന്റെ വാക്കാണെങ്കിലും മഹാനെപോലുള്ളവർ സ്വന്തം അഭിപ്രായമനുസരിച്ച് പറയുകയില്ല. ഇനി ആ സൂറത്തിന്റെ മൊത്തത്തിലുള്ള ശ്രേഷ്ടതയിൽ ഹദീസുകൾ സ്ഥിരപ്പെട്ടതു കൊണ്ട് മയ്യിത്തിനു ഉപകാരം ലഭിക്കലിനെ ആഗ്രഹിച്ചു കൊണ്ടും ശ്രേഷ്ടമായതു കൊണ്ടും ഖബ്റിന്ന് സമീപം പാരായണം ചെയ്യലിനെ അവിടുന്ന് സുന്നത്തായി കണ്ടതാകാം. **(നുസുലുൽ അബ്റാർ:പേജ്/290)**

## മരണപ്പെട്ടവർക്ക് വേണ്ടി മുൻഗാമികൾ ഖുർആൻ പാരായണം ചെയ്ത സംഭവങ്ങൾ ഇബ്നുകസീർ തന്നെ പഠിപ്പിക്കുന്നു:

ഇനി ഇബ്നുൽ ഖയ്യിം തന്റെ റൂഹിൽ പറഞ്ഞതു പോലെ ഖുർആൻ പാരായണത്തെ വിമർശിച്ച ഇബ്നുകസീർ തന്നെ മുൻ കഴിഞ്ഞ മഹത്തുക്കളിൽ നിന്നും എന്നല്ല തന്റെ ഉദ്താദായ ഇബ്നുതൈമിയ്യയുടെ ഖബ്റിന്ന് സമീപത്ത് പോലും ഖുർആൻ പാരായണം നടത്തപ്പെട്ട സംഭവങ്ങൾ ഉദ്ധരിച്ച് പഠിപ്പിക്കുന്നതായി കാണാം .

Sunnahclub.in

يَرْوِي الْحَافِظُ ابْنُ كَثِيرٍ عَنِ الْحَافِظِ الزَّاهِدِ أَبِي إِسْحَاقِ الْمُزَكِّي الْمُتَوَفَّى سَنَةَ:414هـ، عَنِ الْحَافِظِ مُحَمَّدِ بْنِ إِسْحَاقَ أَبِي الْعَبَّاسِ السِّرَاجِ النَّيْسَابُورِيِّ الْمُتَوَفَّى سَنَةَ:316هـ، أَنَّهُ قَالَ: سَمِعْتُهُ يَقُولُ: خَتَمْتُ عَنْ رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ إِثْنَيْ عَشَرَ أَلْفَ خَتْمَةً، وَضَحَّيْتُ عَنْهُ إِثْنَتَيْ عَشَرَ أَلْفَ أَضْحِيَةً **(طَبَقَاتُ الْفُقَهَاءِ الشَّافِعِيِّينْ :218/1) لِلْحَافِظِ ابْنِ كَثِير.**

ഹിജ്റ:316.ൽ വഫാത്തായ അൽഹാഫിള് അബുൽ അബ്ബാസ് അസ്സിറാജ് അന്നൈസാബൂരീ(റ) യിൽ നിന്നും, ഹിജ്റ:414.ൽ വഫാത്തായ അൽഹാഫിള് അസ്സാഹിദ് അബൂഇസ്ഹാഖ് അൽമുസക്കീ(റ) റിപ്പോറ്ട്ട് ചെയ്തതിനെ ഹാഫിള് ഇബ്നുകസീർ ഉദ്ധരിച്ചു കൊണ്ട് പറയുന്നു; "അബൂ ഇസ്ഹാഖുൽ മുസക്കീ(റ) അബുൽ അബ്ബാസ് അസ്സിറാജ് അന്നൈസാബൂരീ(റ) പറയുന്നതായി കേട്ടു: ഞാൻ റസൂലു ല്ലാഹി(സ്വ)യുടെ പേരിൽ പന്ത്രണ്ടായിരം ഖത്മ് ഖുർആൻ പാരായണം ചെയ്യുകയും, നബി (സ്വ)യുടെ പേരിൽ പന്ത്രണ്ടാ യിരം ഉള്ഹിയ്യത്ത് അറുക്കുകയും ചെയ്തു". ഹാഫിള് ഇബ്നുകസീർ തന്റെ (ത്വബഖാത്തുശ്ശാഫി ഇയ്യ:1/218)ൽ റിപ്പോറ്ട്ട് ചെയ്തതായി കാണാം. **(ത്വബഖാത്തുൽ ഫുഖഹാഇ ശ്ശാഫിഇയ്ൻ /ഇബ്നു കസീർ: 1/218)**

ഇബ്നുകസീർ വീണ്ടും പറയുന്നു:

يَقُولُ الْحَافِظُ ابْنُ كَثِيرٍ أَيْضًا فِي مَوْضِعِ ذِكْرِ تَرْجَمَةِ الْإِمَامِ الْحَافِظِ الْخَطِيبِ الْبَغْدَادِيِّ الْمُتَوَفَّى سَنَةَ:463هـ، وَدُفِنَ إِلَى جَانِبِ بِشْرِ الْحَافِي وَخُتِمَ عَلَى قَبْرِهِ خَتْمَاتٍ. **(طَبَقَاتُ الْفُقَهَاءِ الشَّافِعِيِّينْ لِلْحَافِظِ ابْنِ كَثِيرْ:16/2)**

ഹിജ്റ:463ൽ വഫാത്തായ ഇമാം അൽഖത്വീബ് അൽ ബഗ്ദാദീ(റ) വഫാത്താവുകയും മഹാനായ ബിശ്റുൽ ഹാഫീ (റ)വിന്റെ ഖബ്റിന് സമീപം മഹാനെ മറവുചെയ്യുകയും ചെയ്തു. അവരുടെ ഖബ്റിന് സമീപത്ത് വെച്ച് വിശുദ്ദ

ഖുർആൻ ധാരാളം ഖത്ത്മുകൾ പാരായണം ചെയ്യപ്പെട്ടിരുന്നു." **(ത്വബഖാത്തുൽ ഫുഖഹാഇശ്ശാഫിഇയ്യീൻ:2/16)**

ഇങ്ങനെ നിരവധി മഹത്തുക്കളുടെ ഖബ്റിന്നു സമീപത്ത് വെച്ചു ഖുർആൻ പാരായണം ചെയ്യപ്പെട്ട സംഭവങ്ങൾ ഇബ്നുകസീർ തന്നെ തന്റെ കിത്താബുകളിൽ രേഖപ്പെടുത്തിയതിനു പുറമെ ഇബ്നുകസീർ തന്റെ ഉസ്താദും കേരളത്തിലെ മുജാഹിദ് പ്രസ്ഥാനക്കാരുടേയും ജമാഅത്തേ ഇസ്ലാമിക്കാരുടേയും ഏറ്റവും വലിയ നേതാവായ "ഇബ്നുതൈമിയ്യ" മരണപ്പെട്ടപ്പോൾ അദ്ധേഹത്തിനു വേണ്ടി നാടെങ്ങും ധാരാളം ഖത്ത്മുകൾ വിശുദ്ദ ഖുർആൻ പാരായണം ചെയ്യപ്പെട്ടുവെന്ന് ഇബ്നുകസീർ പറയുന്നതു കൂടി കാണുക

وَخُتِمَتْ لَهُ خَتْمَاتٍ كَثِيرَةٍ بِالصَّالِحِيَّةِ وَبِالْبَلَدِ. **(اَلْبِدَايَةُ وَالنِّهَايَةِ:116/14)** للحافظ ابن كثير.

ഇബ്നുകസീർ പറയുന്നു: "ഇബ്നുതൈമിയ്യ മരണപ്പെട്ട സമയത്ത് അദ്ധേഹത്തിനുവേണ്ടി അദ്ധേഹത്തിന്റെ നാട്ടിലും ഡമസ്കസിലെ സ്വാലിഹിയ്യയിലും ജനങ്ങൾ നിരവധി ഖത്ത്മുകൾ പാരായണം ചെയ്തിരുന്നു" **(അൽബിദായത്തു വന്നിഹായ:14/116)**

ഇവിടെ നാം മനസ്സിലാക്കേണ്ട കാര്യം ഖുർആൻ പാരായണം കൊണ്ട് മരണപ്പെട്ടവർക്ക് ഉപകാരം ലഭിക്കുകയില്ലെങ്കിൽ ഇബ്നുതൈമിയ്യ അടക്കമുള്ളവർക്ക് വേണ്ടി അടക്കമുള്ളവർക്ക് വേണ്ടി എന്തിനായിരുന്നു ഖുർആൻ പാരായണം നടത്തപ്പെട്ടത്!?, ഇനി അവിടെ നടന്നത് പുത്തനാശയമാണെങ്കിൽ ആ വിഷയം ഇബ്നുകസീറും മറ്റു ഇബ്നുതൈമിയ്യയുടെ ശിഷ്യന്മാരും ഇബ്നുതൈമിയ്യയടക്കമുള്ളവരുടെ മഹത്വം പറയുന്നിടത്ത് എന്തിനു ഉദ്ധരിച്ചു!!?, ഈ ചോദ്യത്തിനു ഉത്തരം പറയേണ്ടത് ഇബ്നുകസീറിന്റെ ചിലവരികൾ

എടുത്തുദ്ധരിച്ചു കൊണ്ട് ജനങ്ങളെ കബളിപ്പിക്കുന്ന പുത്തൻ വാദികളാണ്.

## പുത്തൻവാദികളുടെ നേതാക്കൾ തന്നെ പറയട്ടെ

ഇനി കേരളത്തിലെ പുത്തനാശയക്കാരായ മുജാഹിദ്-ജമാഅത്തേ ഇസ്ലാമിക്കാർ അംഗീകരിക്കുന്ന അവരുടെ നേതാക്കളായി പരിചയപ്പെടുത്തിയ ആളുകൾ മരണപ്പെട്ടവർക്ക് വേണ്ടിയുള്ള ഖുർആൻ പാരായണത്തെ കുറിച്ച് എന്താണു പറയുന്നതെന്നു നോക്കാം.

### 01.ഇബ്നുതൈമിയ്യ:

لَيْسَ فِي الْآيَةِ وَلاَ فِي الْحَدِيثِ أَنَّ الْمَيِّتَ لاَ يَنْتَفِعُ بِدُعَاءِ الْخَلْقِ وَبِمَا يُعْمَلُ عَنْهُ مِنَ الْبِرِّ، بَلْ أَئِمَّةُ الْإِسْلَامِ مُتَّفِقُونَ عَلىَ انْتِفَاعِ الْمَيِّتِ بِذَلِكَ وَهَذاَ مِمَّا يُعْلَمُ بِالْإِضْطِرَارِ مِنْ دِينِ الْإِسْلَامِ وَقَدْ دَلَّ عَلَيْهِ الْكِتَابُ وَالسُّنَّةُ وَالْإِجْمَاعُ فَمَنْ خَالَفَ ذَلِكَ كَانَ مِنْ أَهْلِ الْبِدَعِ، **(مَجْمُوعُ الْفَتَاوَى لِابْنِ تَيْمِيَّة:27/3)و(366/24)**.

മരണപ്പെട്ടവർക്ക് വേണ്ടി ചെയ്യപ്പെടുന്ന കർമ്മങ്ങളെ കൊണ്ടും പ്രാർത്ഥനകളെ കൊണ്ടും മരണപ്പെട്ടവർക്ക് ഉപകാരം ലഭിക്കുകയില്ലെന്ന് ഖുർആനിലോ സുന്നത്തിലോ ഇല്ല, മറിച്ച് അതുകളെകൊണ്ടൊക്കെ മരണപ്പെട്ടവർക്ക് ഉപകരിക്കും എന്നതി ന്റെമേൽ ഇസ്ലാമിലെ ഇമാമുകൾ ഏകാ ഭിപ്രായക്കാരാണ്, അക്കാര്യം പരിശുദ്ദ ഇസ്ലാമിൽ നിശേധി ക്കാൻ പറ്റാത്ത നിലക്ക് സ്ഥിരപ്പെട്ടതാണ്. അങ്ങിനെ ഉപകരി ക്കും എന്നതിന്റെ മേൽ വിശുദ്ദ ഖുർആനും തിരുസുന്നത്തും ഇമാമുകളുടെ ഇജ്മാഉം അറിയിക്കുന്നുണ്ട്. ഇതിനെതിരിൽ ആരെങ്കിലും പറഞ്ഞാൽ അവൻ പുത്തൻവാദിയാണ്". **(മജ്മൂഉൽ ഫത്താവാ: 3/27) (24/366)**

ബിദ്അതുകാർ അവരുടെ വാദങ്ങൾക്ക് ദുർവ്യാഖ്യാനം ചെയ്യുന്ന ആയത്തിന് ഇബ്നുതൈമിയ്യ തന്നെ മറുപടി പറയുന്നു:

قَوْلُهُ تَعَالَى: وَأَنْ لَيْسَ لِلْإِنْسَانِ إِلاَّ مَا سَعَى (سورة النجم:39)

وَهَذَا حَقٌّ فَإِنَّهُ إِنَّمَا يَسْتَحِقُّ سَعْيَهُ فَهُوَ الَّذِي يَمْلِكُهُ وَيَسْتَحِقُّهُ كَمَا أَنَّهُ إِنَّمَا يَمْلِكُ مِنَ الْمَكَاسِبِ مَا اكْتَسَبَهُ هُوَ وَأَمَّا سَعْيُ غَيْرِهِ فَهُوَ حَقٌّ وَمِلْكٌ لِذَلِكَ الْغَيْرِ لاَ لَهُ لَكِنْ هَذَا لاَيَمْنَعُ أَنْ يَنْتَفِعَ بِسَعْيِ غَيْرِهِ كَمَا يَنْتَفِعُ الرَّجُلُ بِكَسْبِ غَيْرِهِ. اهـ **(مجموع الفَتَاوَى ابْنُ تَيْمِيَّة:31/3) (367/24)**

മനുഷ്യനിക്ക് അവൻ അദ്ധ്വാനിച്ചുണ്ടാക്കിയതല്ലാതെ ഇല്ല: എന്ന സൂറത്തുന്നജ്മിലെ ആയത്ത് ഉദ്ധരിച്ചുകൊണ്ട് ഇബ്നു തൈമി യ്യ പറയുന്നു: "ഈ പറഞ്ഞത് സത്യമാണ്. നിശ്ചയം ഒരാൾ സ്വന്തമാക്കുന്നതും ഉടമസ്ഥതയിലാക്കുന്നത് അവൻ അദ്ധ്വാനിച്ചുണ്ടാക്കിയതു തന്നെയാണ്. അപ്പോൾ മറ്റുള്ളവർ ഉടമയാക്കുന്നത് അവർ അദ്ധ്വാനിച്ചുണ്ടാക്കിയതും, അവരുടെ ഉടമസ്ഥതയിലുമുള്ളതാണ്. പക്ഷെ ഒരാൾ അദ്ധ്വാനിച്ചുണ്ടാ

Sunnahclub.in

ക്കിയത് കൊണ്ട് മറ്റുള്ളവർ ഉപകാരം സിദ്ധിക്കുന്നതിനെ ഈ പറഞ്ഞത് വിലക്കുന്നില്ല. ഒരാൾ ജോലി ചെയ്ത് സമ്പാദിക്കുന്ന വസ്തുക്കൾ മറ്റുള്ളവർക്ക് നൽകിയാൽ അവർക്കും ഉപകാര മെടുക്കാമെന്നത് പോലെയാണത്." **(മജ്മൂഉൽ ഫത്താവാ: 3/31) (24/367)**

ഇബ്നു തൈമിയ്യ വീണ്ടും പറയുന്നു:

وَقَدْ صَحَّ عَنِ النَّبِيِّ صَلَّ اللهُ عَلَيْهِ وَسَلَّمَ أَنَّهُ أَمَرَ بِالصَّدَقَةِ عَلَى الْمَيِّتِ وَبِهَذَا وَغَيْرِهِ إِحْتَجَّ مَنْ قَالَ مِنَ الْعُلَمَاءِ أَنَّهُ يَجُوزُ إِهْدَاءُ ثَوَابِ الْعِبَادَاتِ الْمَالِيَّةِ وَالْبَدَنِيَّةِ إِلَى الْمَوْتَى الْمُسْلِمِينَ كَمَا هُوَ مَذْهَبُ أَحْمَدَ وَأَبِي حَنِيفَةَ وَطَائِفَةٍ مِنْ أَصْحَابِ مَالِكٍ وَالشَّافِعِيِّ فَإِذَا أَهْدَى لِمَيِّتٍ ثَوَابَ صِيَامٍ أَوْصَلاَةٍ أَوْقِرَاءَةٍ جَازَ ذَلِكَ. اهـ **(مجموع الفَتَاوَى ابْنُ تَيْمِيَّة ابْنُ تَيْمِيَّةَ:3/37-38)**

നിശ്ചയം മരണപ്പെട്ടവർക്ക് വേണ്ടി ധർമ്മം ചെയ്യലിനെ നബി(സ്വ) കല്പിച്ചത് ഹദീസിൽ സ്ഥിരപ്പെട്ടിട്ടുണ്ട്, അതു കൊണ്ട് തന്നെ, നിശ്ചയം ശാരീരികമായും സാമ്പത്തികമായും ഉള്ള കർമ്മങ്ങളുടെ പ്രതിഫലത്തെ മരണപ്പെട്ടവർക്ക് ദാനം ചെയ്യൽ അനു വദനീയമാണെന്ന് തെളിവു പിടിച്ചവർ പണ്ഡി തന്മാരിൽ ഉണ്ട്. അബൂഹനീഫ ഇമാമിന്റെയും അഹ്മദ്ബ്നു ഹമ്പൽ(റ)യുടേയും ഇമാം മാലിക്ക്(റ)യുടെയും ഇമാം ശാഫി ഈ(റ)യുടേയു അസ്ഹാബിൽ നിന്ന് ഒരു വിഭാഗത്തിന്റേയും വീക്ഷണവും ഇങ്ങനെ തന്നെയാണ്. അപ്പോൾ ഒരാൾ ഖു ർആൻ പാരായണത്തിന്റേയോ നിസകാരത്തിന്റെയോ നോമ്പി ന്റെയോ പ്രതിഫലം മരണപ്പെട്ടവർക്ക് ദാനം ചെയ്താൽ അത് അനുവദനീയമാണ്". **(മജ്മൂഉൽ ഫത്താവാ:3/37-38)**

ഇബ്നുതൈമിയ്യ തന്നെ ഇനിയും പറയട്ടെ-:

بَلِ النَّاسُ عَلىَ قَوْلَيْنِ: أَحَدُهُمَا أَنَّ ثَوَابَ الْعِبَادَةِ الْبَدَنِيَّةِ مِنَ الصَّلاَةِ وَالْقِرَاءَةِ وَغَيْرِهِمَا يَصِلُ إِلَى الْمَيِّتِ كَمَا يَصِلُ إِلَيْهِ ثَوَابُ الْعِبَادَاتِ الْمَالِيَّةِ بِالْإِجْمَاعِ وَهَذَا مَذْهَبُ أَبِي حَنِيفَةَ وَأَحْمَدَ وَغَيْرِهِمَا وَقَوْلُ طَائِفَةٍ مِنْ أَصْحَابِ الشَّافِعِيِّ وَمَالِكٍ وَهُوَ الصَّوَابُ لِأَدِلَّةٍ كَثِيرَةٍ ذَكَرْنَاهَا فِي غَيْرِ هَذَا الْمَوْضِعِ. اهـ. **(إِقْتِضَاءُ الصِّرَاطِ الْمُسْتَقِيمْ لِابْنِ تَيْمِيَّةَ:ص/378)**

"മരണപ്പെട്ടവർക്ക് വേണ്ടി ചെയ്യപ്പെടുന്ന ഇബാദാത്തുകളുടെ വിഷയത്തിൽ പണ്ഡിതർ രണ്ട് അഭിപ്രായക്കാരാണ്: ഒന്ന്: സാമ്പത്തികമായി ചെയ്യപ്പെടുന്ന കർമ്മങ്ങൾ ലഭിക്കുമെന്നത് ഇജ്മാഉകൊണ്ട് സ്ഥിരപ്പെട്ടതു പോലെ ശരീരം കൊണ്ട് ചെയ്യപ്പെടുന്ന ഖുർആൻ പാരായണം നിസ്കാരം പോലോത്തതിന്റെ പ്രതിഫലം മരണപ്പെട്ടവരിലേക്ക് ലഭിക്കും. ഇമാം അബൂഹനീഫ(റ)യുടേയും ഇമാം അഹ്മദ്(റ)യുടേയും ഇവരല്ലാത്തവരുടേയും മദ്ഹബ് ഇതാണ്. ശാഫിഈ മദ്ഹബിലേയും മാലിക്കീ മദ്ഹബിലേയും ഒരു വിഭാഗം ഇമാമുകളുടേയും അഭിപ്രായവും ഇതുതന്നെയാണ്. അതുതന്നെയാണു നിരവധി തെളിവുകളുടെ അടിസ്ഥാനത്തിൽ സത്യമായിട്ടുള്ളതും. അക്കാര്യം വേറെ സ്ഥലത്ത് നാം വ്യക്തമാക്കിയിട്ടുണ്ട്". ഇബ്നുതൈമിയ്യ തന്റെ(ഇഖ്ത്തിളാഉസ്സ്വി റാത്വിൽ മുസ്തഖീം: പേജ്/378)ൽ പറയുന്നതായി കാണാം .

## 2. ഇബ്നുൽ ഖയ്യിം

അദ്ധേഹം ഖുർആൻ പാരായണം മരണപ്പെട്ടവർക്ക് ലഭിക്കും എന്നു പറഞ്ഞത് മുമ്പ് ഉദ്ധരിച്ചിട്ടുണ്ട് ഇബ്നുൽ ഖയ്യിമിന്റെ (കിത്താബുറൂഹ്:പേജ്/181-182)ലും മറ്റു പേജുകളിലും പറഞ്ഞതായി കാണാം. അതേപോലെ ഇബ്നുൽ ഖയ്യിമിന്റെ ആശയങ്ങൾ ക്രോഡീകരിച്ചു കൊണ്ട് "യുസ്.രി അസ്സ

Sunnahclub.in

യ്യിദ് മുഹമ്മദ്" രചിച്ച (ജാമിഉൽ ഫിഖ്ഹ്:2/51-520) പേജുകളി ലും അക്കാര്യം വിശദീകരിച്ചതായി കാണാം

## 2. ഇബ്നു അബ്ദുൽ വഹാബ്

മുജാഹിദ് പ്രസ്ഥാനത്തിന്റെ മൂന്നാമത്തെ നേതാവായി അവർ തന്നെ പരിചയപ്പെടുത്തിയ ഇബ്നുഅബ്ദിൽ വഹാബ് പറയുന്നു.

وَأَخْرَجَ سَعْدُ الزَّنْجَانِيُّ عَنْ أَبِي هُرَيْرَةَ مَرْفُوعاً:مَنْ دَخَلَ الْمَقَابِرَ ثُمَّ قَرَأَ فَاتِحَةَ الْكِتَابِ، وَقُلْ هُوَ اللهُ أَحَدٌ، وَأَلْهَاكُمُ التَّكَاثُرْ، ثُمَّ قَالَ: إِنِّي جَعَلْتُ ثَوَابَ مَا قَرَأْتُ مِنْ كَلاَمِكَ لِأَهْلِ الْمَقَابِرِ مِنَ الْمُؤْمِنِينَ وَالْمُؤْمِنَاتِ، كَانُوا شُفَعَاءَ لَهُ إِلَى اللهِ تَعَالَىَ" .

وَأَخْرَجَ عَبْدُ الْعَزِيزِ صَاحِبُ الْخَلاَّلِ بِسَنَدِهِ عَنْ أَنَسٍ مَرْفُوعًا: مَنْ دَخَلَ الْمَقَابِرَ فَقَرَأَ سُورَةَ يَسِنْ خَفَّفَ اللهُ عَنْهُمْ وَكَانَ لَهُمْ بِعَدَدِ مَنْ فِيهَا حَسَنَاتٌ. (أَحْكَامُ تَمَنِّي الْمَوْتِ:ص/75) لابن عبد الوهاب.

അബൂഹുറൈറ(റ) വിൽ നിന്നും ഇമാം അബൂസഅ്ദ് അസ്സൻ,ജാനി(റ) ഉദ്ധരിക്കുന്നു: "ആരെങ്കിലും മഖ്ബറകളിൽ പ്രവേശിക്കുകയും അവിടെവെച്ച് സൂറത്തുൽ ഫാത്തിഹയും സൂറത്തുൽ ഇഖ്.ലാസ്വും സൂറത്തുത്തക്കാസുറും പാരായ ണം ചെയ്യുകയും ശേഷം പാരായണം ചെയ്തതിന്റെ പ്രതി ഫലം ആ മഖബ്റയിൽ മറവുചെയ്യപ്പെട്ട സത്യ വിശ്വാസിക ളായ സ്ത്രീ പുരുഷന്മാർക്ക് ദാനം ചെയ്യുകയും ചെയ്താൽ പാരാ യണം ചെയ്തവർ മരണപ്പെട്ടവർക്ക് അല്ലാഹുവിലേക്കുള്ള ശുപാർശകരാവുന്നതാണ്.'

വീണ്ടും ഇബ്നു അബ്ദിൽവഹാബ് പറയുന്നു:

"മഹാനായ അനസ്(റ)വിൽ നിന്നും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട് ആരെങ്കിലും മഖ്ബറയിൽ പ്രവേശിക്കുകയും സൂറത്ത് യാസീൻ പാരായണം ചെയ്യുകയും ചെയ്താൽ ആ മഖ്ബറ

Sunnahclub.in

യിൽ ഉള്ളവർക്ക് അല്ലാഹു ശിക്ഷ ലഘൂകരിക്കുകയും ആ മഖ്ബറയിൽ മറവു ചെയ്യപ്പെട്ടവരുടെ കണക്കനുസരിച്ച് അവിടെ മറവുചെയ്യപ്പെട്ടവർക്ക് നന്മകൾ ലഭിക്കപ്പെടുന്നതുമാണ്" **(അഹ്കാമു തമന്നിൽമൗത്ത്/പേജ്:75)**

ഇബ്നു അബ്ദിൽവഹാബ് തന്നെ തൽഖീൻ ചൊല്ലുന്നതിനെ കുറിച്ചു വന്ന ഹദീസ് തന്റെ (അഹ്ക്കാമു തമന്നിൽ മൌത്ത്:പേജ്/19) ലും എടുത്തുവെക്കുന്നുണ്ട്.

ഇബ്നു അബ്ദിൽവഹാബ് വീണ്ടു പറയുന്നു:

قَوْلُهُ تَعَالَى: وَأَنْ لَيْسَ لِلْإِنْسَانِ إِلاَّ مَا سَعَى: فَبَيَّنَ أَنَّهُ لَمْ يَرِدْ أَنَّ الْإِنْسَانَ لَا يَنْتَفِعُ بِعَمَلِ غَيْرِهِ، وَهَذاَ أَحْسَنُ مَا قِيلَ، وَسَائِرُ الْأَقْوَالِ ضَعِيفَةٌ جِدًّا وَاللهُ سُبْحَانَهُ وَتَعَالَى يَرْحَمُ الْعِبَادَ بِغَيْرِ سَعْيِهِمْ أَكْثَرَ مِمَّا يَرْحَمُهُمْ بِسَعْيِهِمْ. (أَلْمَسَائِلُ الَّتِي لَخَّصَهَا مُحَمَّدُ بْنُ عَبْدِ الْوَهَّابِ مِنْ فَتَاوَى ابْنُ تَيْمِيَّةَ:ص/67) لِابْنِ عَبْدِ الْوَهَّابِ.

“മനുഷ്യനിക്ക് അവൻ അദ്ധ്വാനിച്ചതല്ലാതെ ഇല്ല” എന്ന് പറയുന്ന ആയത്ത് ഉദ്ധരിച്ചു വിശ്ദീകരിച്ച ശേഷം “അപ്പോൾ വ്യക്തമായി, നിശ്ചയം മറ്റുള്ളവർ ചെയ്യുന്ന കർമ്മങ്ങളെ കൊണ്ട് മരണപ്പെട്ടവർക്ക് ഉപകരിക്കുകയില്ലാ എന്ന് ഖുർആനിൽ വന്നിട്ടില്ല. ഇതാണ് ആ വിഷയത്തിലുള്ള നല്ല അഭിപ്രായം. ശേഷിക്കുന്ന വീക്ഷണങ്ങളൊക്കെ അങ്ങേയറ്റം ദുർബലമാണ്. സ്വന്തം അദ്ധ്വാനങ്ങളെ കൊണ്ട് മനുഷ്യൻ ഉപകാരം സിദ്ധിക്കുന്നതിനേക്കാൾ കൂടുതൽ മറ്റുള്ളവരുടെ അദ്ധ്വാനം കൊണ്ട് അല്ലാഹു അടിമകൾക്ക് ഉപകാരവും അനുഗ്രഹവും ചെയ്യുന്നതാണ്”. **(അൽ മസാഇലുല്ലതീ ലഖസ്വഹാ മുഹമ്മദു ബ്നു അബ്ദിൽ വഹാബ് :പേജ്/67)**

അതേ പുസ്തകത്തിൽ തന്നെ പത്ത് കാര്യങ്ങളെ കൊണ്ട് മരണപ്പെട്ടവർക്ക് ശിക്ഷ തടയപ്പെടും എന്ന് വിശദീകരിക്കു

Sunnahclub.in

ന്നിടത്ത് ആറാമതായി ഇബ്നു അബ്ദിൽവഹാബ് പറയുന്നത് കാണുക:

اَلسَّادِسُ: مَا يُهْدَى لِلْمَيِّتِ مِنَ الْعَمَلِ الصَّالِحِ (اَلْمَسَائِلْ:ص/184) لاِبْنِ عَبْدِ الْوَهَّابِ

ആറ്: മരണപ്പെട്ടവർക്ക് വേണ്ടി ദാനം ചെയ്യപ്പെടുന്ന സൽകർമ്മങ്ങൾ" എന്നാണ് (**അൽമസാഇൽ:പേജ്/184**)

## ഇബ്നു തൈമിയ്യയുടെ ശിഷ്യൻ ഹാഫിളുദ്ദഹബി

إِذَا تَطَوَّعَ بِقُرْبَةٍ كَالصَّلَاةِ وَالصَّدَقَةِ وَالْقِرَاءَةِ وَجَعَلَ ثَوَابَهُ لِلْمَيِّتِ صَحَّ وَانْتَفَعَ بِهِ.

(تنقيح التحقيق في أحاديث التعليق:323/1) للحافظ الذهبي، و(تنقيح التحقيق في أحاديث التعليق:683/2) لابن عبد الهادي.

ദഹബി പറയുന്നു: "ഒരാൾ നിസ്കാരം ധർമ്മം ഖുർആൻ പാരായണം തുടങ്ങിയ കർമ്മങ്ങൾ ചെയ്യുകയും അതിന്റെ പ്രതിഫല ത്തെ മരണപ്പെട്ടവനിക്ക് ദാനം ചെയ്യുകയും ചെയ്താൽ അത് സ്വീകാര്യവും മരണപ്പെട്ടവർക്ക് അത്കൊണ്ട് ഉപകാരം ലഭിക്കുന്നതുമാണ്" (**തൻഖീഹുത്തഹ്ഖീഖി ഫീ അഹാദീസി ത്തഅ്ലീഖ്:1/323**)

## ഇബ്നു തൈമിയ്യയുടെ ശിഷ്യൻ ഇബ്നു അബ്ദിൽ ഹാദി

ഹാഫിളുദ്ദഹബിയുടെ മുകളിൽ പറഞ്ഞ കിത്താബിന്റെ അതേനാമത്തിൽ ഇബ്നുതൈമിയ്യയുടെ ശിഷ്യനും ഇബ്നു തൈമിയ്യയുടെ ആശയങ്ങൾക്ക് ശക്തിപകർന്നു കൊണ്ട് ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്ത ഇബ്നു അബ്ദിൽഹാദീ എന്ന പണ്ഡിതനും ദഹബി പറഞ്ഞ അതേ ഉദ്ധരണി പറഞ്ഞു കൊണ്ട് മരണപ്പെട്ടവർക്ക് ഖുർആൻ പാരായണം അടക്കമു

ള്ള സൽകർമ്മങ്ങളുടെ പ്രതിഫലം ലഭിക്കുമെന്ന് പറയുന്ന തായി കാണാം. (**തൻഖീഹുത്തഹ്ഖീഖ്:2/683**)

## ശൗക്കാനി

ഇനി മുജാഹിദ് വിഭാഗത്തിന്റെ പൂർവ്വ നേതാക്കളിൽ നാലാമനായി 'ഇസ്ലാഹീ പ്രസ്ഥാന ചരിത്രത്തിനൊരാമുഖം' എന്ന പുസ്തകത്തിൽ പരിചയപ്പെടുത്തിയ ശൗക്കാനി പറയുന്ന തു കൂടി വായിക്കുക:

وَتُقْرَأُ عَلىَ الْقَبْرِ بَعْدَ الدَّفَنِ أَوَّلَ سُورَةِ الْبَقَرَةِ وَخَاتِمَتِهَا-اَلْحَدِيثْ، أَخْرَجَهُ الْبَيْهَقِيُّ فِي السُّنَنِ كَمَا قَالَ الْمُصَنِّفُ رَحِمَهُ اللهُ وَهُوَ عَنِ ابْنِ عُمَرَ رَضِيَ اللهُ عَنْهُمَا قَالَ: أَسْتَحِبُّ أَنْ يُقْرَأَ عَلىَ الْقَبْرِ بَعْدَ الدَّفَنِ أَوَّلَ سُورَةِ الْبَقَرَةِ وَخَاتِمَتَهَا. وَحَسَّنَ النَّوَوِيُّ إِسْنَادَهُ، وَهُوَ وَإِنْ كَانَ مِنْ قَوْلِهِ فَمِثْلُ ذَلِكَ لاَيُقَالُ مِنْ قِبَلِ الرَّأْيِ، وَيُمْكِنُ أَنَّهُ لَمَّا عَلِمَ بِمَا وَرَدَ فِي ذَلِكَ فَضْلٌ عَلَى الْعُمُومِ، إِسْتَحَبَّ أَنْ يَقْرَأَ عَلىَ الْقَبْرِ لِكَوْنِهِ فَاضِلاً رَجَاءَ أَنْ يَنْتَفِعَ الْمَيِّتُ بِتِلاَوَتِهِ. (**تُحْفَةُ الذَّاكِرِينْ. لِلشَّوْكَانِي ص/294**).

"മയ്യിത്ത് മറവു ചെയ്തശേഷം ഖബ്റിന്നരികിൽ വെച്ച് സൂറത്തുൽ ബഖറയുടെ ആദ്യഭാഗവും അവസാന ഭാഗവും പാരായണം ചെയ്യപ്പെടണം, മുസ്വന്നിഫ് പറഞ്ഞതു പോലെ തന്നെ ഇമാംബൈഹഖി(റ) തന്റെ "സുനനുൽകുബ്റാ" യിലും ഇത് ഇബ്നുഉമർ(റ) വിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇബ്നുഉമർ(റ) പറയുന്നു: "മയ്യിത്ത് മറവുചെയ്ത ശേഷം ഖബ്റിന്നടുത്ത് വെച്ച് സൂറ:അൽ ബഖറയുടെ ആദ്യഭാഗവും അവസാന ഭാഗവും പാരായണം ചെയ്യലിനെ ഞാൻ ഇഷ്ടപ്പെ ടുന്നു" ഇത് സ്വീകാര്യമായ നിലക്ക് റിപ്പോറ്ട്ട് ചെയ്യപ്പെട്ടതാ ണെന്ന് ഇമാംനവവി(റ) പറഞ്ഞിട്ടുണ്ട്. ഈ പറഞ്ഞത് മഹാ നായ സ്വഹാബീ വര്യൻ ഇബ്നുഉമർ(റ) വിന്റെ വാക്കാണെങ്കി ലും മഹാനെ പോലുള്ളവർ സ്വന്തം അഭിപ്രായം അനുസരിച്ചു

Sunnahclub.in

ഒന്നും പറയുകയില്ല, അതുകൊണ്ട് തന്നെ മൊത്തത്തിലുള്ള മഹത്വം പരിഗണിച്ചു കൊണ്ട് മയ്യിത്തിനു ഉപകാരം ലഭിക്കാൻ വേണ്ടി ഖബ്റിന്നടുത്ത് പാരായണം ചെയ്യലിനെ ഇബ്നു ഉമർ(റ) സുന്നത്തായി കണ്ടു. **(തുഹ്ഫത്തുദ്ദാകിരീൻ /:പേജ് 294)**

ശൗക്കാനി തന്നെ മരണപ്പെട്ടവർക്ക് വേണ്ടി കർമ്മങ്ങൾ ചെയ്യുന്നതിനെ കുറിച്ച് ദീർഘമായി ചർച്ച ചെയ്തു കൊണ്ട് വീണ്ടും പറയുന്നു:

الدليل الثالث-ما أخرجه أبوداود وابن ماجة والنسائي وأحمد وابن حبان وصححه من حديث معقل بن يسار قال:قال رسول الله ﷺ:إقرؤوا يسن على موتاكم-ووجه الإستدلال به أنّ النبي ﷺ لا يأمر إلاّ بما فيه نفعٌ للميت فلو كانت التلاوة غير نافعة له لكان الأمر ضائعا ولم يقيِّد ذلك بوقوع وصية من الميت، فدلّ على أنّه يلحق الميت ما يُقَرَّبُ إليه من القرآن من غير فرق بين أن يكون التالي ولدا أو غير ولد. وإذا نفع الميت تلاوة بعضٍ من القرآن نفعه تلاوة البعض الآخر ، والتنصيص على هذه الصورة إنّما هو لمزيد فضلها وشرفها.-الخ. **(فتح الرباني من فتاوى محمد علي الشوكاني:ص/3171)**

‘‘മൂന്നാമത്തെതെളിവ്: നബി(സ്വ)പറഞ്ഞു: ‘നിങ്ങളിൽ നിന്ന് മരണപ്പെട്ടവർക്കു വേണ്ടി നിങ്ങൾ സൂറത്ത് യാസീൻ പാരായണം ചെയ്യുക’ ഈ ഹദീസ് ഇമാം അഹ്മദ്(റ)യും ഇമാം അബൂദാവൂദ്(റ)യും ഇമാം ഇബ്നുമാജ(റ)യും, ഇമാം നസാഈ(റ)യും ഹാഫിള് ഇബ്നുഹിബ്ബാൻ(റ)യും റിപ്പോർട്ട് ചെയ്യുകയും സ്വഹീഹാണെന്ന് പറയുകയും ചെയ്തിട്ടുണ്ട്. ഈ ഹദീസ് കൊണ്ട് തെളിവു പിടിക്കുന്ന രൂപം: നിശ്ചയം നബി(സ്വ) മരണപ്പെട്ടവർക്ക് ഉപകരിക്കുന്ന ഒന്നു കൊണ്ടല്ലാതെ കല്പിക്കുകയില്ല. അപ്പോൾ മരണപ്പെട്ടവർക്ക് വേണ്ടിയുള്ള ഖുർആൻ പാരായണം മയ്യിത്തിനു ഉപകരിക്കുകയി

ല്ലെങ്കിൽ നബി(സ്വ)യുടെ യാസീൻ പാരായണം ചെയ്യാനുള്ള കല്പന പാഴ് വേലയാകുന്നതാണ്. ഈ പാരായണം മയ്യിത്തിന്റെ വസിയ്യത്തുണ്ടാവണമെന്ന് നിബന്ധനയൊന്നും നബി(സ്വ) വെച്ചിട്ടുമില്ല. ഇതറിയിക്കുന്നത് ഖുർആൻ പാരായണം ചെയ്യുന്നത് മയ്യിത്തിന്റെ മകൻ, മക്കൾ, അവരല്ലാത്തവർ എന്ന വ്യത്യാസമില്ലാതെ മരണപ്പെട്ടവർക്ക് ഉപകരിക്കും എന്നറിയിക്കുന്നുണ്ട്. വിശുദ്ധ ഖുർആനിൽ നിന്നുള്ള അല്പ ഭാഗം പാരായണം ചെയ്യൽകൊണ്ട് ഉപകരിക്കും എന്നുവന്നാൽ ബാക്കി ഭാഗങ്ങൾ പാരായണം ചെയ്താലും ഉപകാരം സിദ്ധിക്കുന്നതാണ്. അപ്പോൾപിന്നെ സൂറത്ത് യാസീൻ പ്രത്യേകം എടുത്ത് പറഞ്ഞത് സൂറത്ത് യാസീനു പ്രത്യേക മഹത്വവും ശ്രേഷ്ഠതയും ഉള്ളതുകൊണ്ടാണ്" **(അൽ ഫത്ഹു റബ്ബാനീ /:പേ 3171)**

ശൗക്കാനി വീണ്ടും പറയുന്നു:

وَإِنَّمَا أَشَرْنَا إِلَى هَذَا لِأَنَّ مُخَالَفَةَ مَا أَطْبَقَ عَلَيْهِ السَّلَفُ وَالْخَلَفُ فِي كُلِّ عَصْرٍ وَكُلِّ قُطْرٍ مِنَ التَّقَرُّبِ بِالتِّلَاوَةِ إِلَى أَرْوَاحِ الْمَوْتَى، حَتَّى صَارَ إِجْمَاعًا فِعْلِيًّا يَسْتَحْسِنُهُ جَمِيعُ الْمُسْلِمِينَ، ويرونه من أعظم القرب، لا ينبغي لعالم أن يجزم ببطلانه ....... قَالَ ابْنُ النَّحْوِيُّ فِي شَرَحِ الْمِنْهَاجِ: إِنَّهُ يَنْبَغِي الْجَزْمُ بِوُصُولِ ثَوَابِ الْقِرَاءَةِ الْمُهْدَاةِ إِلَى الْأَمْوَاتِ- الخ. **(اَلْفَتْحُ الرَّبَّانِي مِنْ فَتَاوَى مُحَمَّدِ عَليّ الشَّوْكَانِي:ص/3176)**.

"മരണപ്പെട്ടവർക്ക് ഖുർആൻ പാരായണം ചെയ്യുന്നതിനെ കുറിച്ച് നാം മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. നിശ്ചയം കാലങ്ങളോളമായി സലഫുകളും ഖലഫുകളുമായ മഹത്തുക്കൾ എല്ലാ നാടുകളിലും എല്ലാ പട്ടണങ്ങളിലും മരണപ്പെട്ടവർക്ക് വേണ്ടി പാരായണം ചെയ്യപ്പെടുകയെന്ന സൽകർമ്മം ചെയ്തു പോരുന്നുണ്ട്. എത്രത്തോളം! ആ കർമ്മം എല്ലാ മുസ്ലിംകളും നല്ലതാണെന്ന് കരുതി ചെയ്യുന്ന ഇജ്മാഉ കൊണ്ട് സ്ഥിരപ്പെട്ട വലിയ മഹത്വമുള്ള സൽകർമ്മമായി കാണുന്ന കാര്യമാണ്.

ഇതിനെതിരിൽ പറയുന്ന വാദം ബാത്വിലാണെന്ന് ഉറപ്പിക്കൽ ഓരോ പണ്ഡിതനും അനിവാര്യമാണ്. തുടർന്ന് ശൗക്കാനി പറയുന്നു: "ഇമാം ഇബ്നുന്നഹ്,വി(റ) തന്റെ ശറഹുൽ മിൻഹാജിൽ പറയുന്നു: "മരണപ്പെട്ടവരിലേക്ക് ദാനം ചെയ്യപ്പെടുന്ന ഖുർആൻ പാരായണത്തിന്റെ പ്രതിഫലം മയ്യിത്തിലേക്ക് ചേരും എന്നത് ഉറച്ചുവിശ്വസിക്കൽ അത്യാവ ശ്യമാണ്" **(അൽഫത്ഹുർ,റബ്ബാനി:പേജ്/3176)**

## മുഹമ്മദ് ഇസ്മാഈൽ അസ്സ്വൻആനി-:

കേരളത്തിലെ മുജാഹിദ് പ്രസ്ഥാനക്കാർ പ്രാമാണികനായി ഉദ്ധരിക്കാറുള്ള പണ്ഡിതനാണ് 1182.ൽ മരണപ്പെട്ട "ഇസ്മാഈൽ അസ്സ്വൻആനി" പറയുന്നത് കാണുക:

وَأَخْرَجَ أَبُو دَاوُدَ مِنْ حَدِيثِ مَعْقِلِ بْنِ يَسَارٍ عَنْهُ صَلىَّ اللهُ عَلَيْهِ وَسَلَّمَ إِقْرَءُوا عَلَى مَوْتَاكُمْ سُورَةَ يَسن. وَهُوَ شَامِلٌ لِلْمَيِّتِ بَلْ هُوَ الْحَقِيقَةُ فِيهِ **(سُبُلُ السَّلاَمِ شَرَحُ بُلُوغِ الْمَرَامْ :119/2) لمحمد إسماعيل الصنعاني-1182هـ**

അദ്ധേഹം പറയുന്നു: മഅ്ഖിലുബ്നു യസാർ(റ)വിൽ നിന്ന് ഇമാം അബൂദാവൂദ്(റ) ഉദ്ധരിക്കുന്നു: "നബി(സ്വ) പറഞ്ഞു: നിങ്ങൾ നിങ്ങളിൽ നിന്ന് മരണപ്പെട്ടവരുടെ മേൽ സൂറത്ത് യാസീൻ പാരായണം ചെയ്യുക" ഈ പറഞ്ഞതിൽ മരണപ്പെട്ടവരും ഉൾപ്പെടും. എന്നല്ല, ഈ ഹദീസ് തന്നെ യഥാർത്ഥത്തിൽ മരണപ്പെട്ടവരെ കുറിച്ചാണ് വന്നിട്ടുള്ളത്". **(സുബു ലുസ്സലാം:2/119)**

## മുഹമ്മദ് ഇബ്റാഹീം ആൽശൈഖ്

.1389ൽ മരണപ്പെട്ട സൗദിയിലെ ഗ്രാന്റ് മുഫ്ത്തിയായിരുന്ന മുഹമ്മദ് ഇബ് റാഹീം ആൽ ശൈഖ് പറയുന്നത്കൂടി കാണുക:

Sunnahclub.in

وُصُولُ الثَّوَابِ الْمُهْدَى مِنَ الْحَيِّ إِلَى الْمَيِّتِ جِنْسُهُ مَعْرُوفٌ فِي الْأَدِلَّةِ، وَقَدْ ذَهَبَ بَعْضُ أَهْلِ الْعِلْمِ إِلَى أَنَّ ذَلِكَ فِي شَيْءٍ مَخْصُوصٍ، نَزْعًا مِنْهُ بِآيَةِ [وَأَنْ لَيْسَ لِلْإِنْسَانِ إِلاَّ مَا سَعَى]، .... وَالَّذِي عَلَيْهِ الْجُمْهُورُ وَالْمُحَقِّقُونَ وُصُولَ ذَلِكَ إِلَى الْمَيِّتِ- الخ. **(فَتَاوَى وَرَسَائِلْ:230/3) لآلِ الشَّيْخِ السَّلَفِيِّ-1389هـ**

ആലുശ്ശൈഖ് പറയുന്നു: "ജീവിച്ചിരിക്കുന്നവർ മരണപ്പെട്ട വർക്ക് ദാനംചെയ്യുന്നതിന്റെ പ്രതിഫലം മരണപ്പെട്ടവരിലേക്ക് എത്തും എന്നത് തെളിവുകൾ കൊണ്ട് സ്ഥിരപ്പെട്ടതാണ്. ഇങ്ങനെ എത്തും എന്നു പറഞ്ഞ ചില പ്രത്യേക കർമ്മങ്ങ ളാണെന്നു ചില പണ്ഡിതർ പറഞ്ഞിട്ടുണ്ട്. അതിനു അവർ സൂറത്തുന്നജ്മിലെ "മനുഷ്യനിക്ക് അവൻ അദ്ധ്വാനിച്ചതല്ലാതെ ഇല്ല" എന്ന ആയ ത്തു തെളിവാക്കിയണു അവർ പറഞ്ഞിട്ടു ള്ളത്. എന്നാൽ നിപുണന്മാരായ ഭൂരിഭാഗം പണ്ഡിതന്മാരും മയ്യിലേക്ക് എത്തും എന്നു തന്നെയാണു പറഞ്ഞിട്ടുള്ളത്. **(ഫത്താവാ വറസാഇൽ:3/239)**

## ഇബ്നു അബിൽ ഇസ്സ്

ഹിജ്റ:792.ൽ മരണപ്പെട്ട ഇബ്നു തൈമിയ്യയുടെ ആശയങ്ങൾക്ക് ശക്തി പകർന്ന് ഗ്രന്ഥങ്ങൾ രചിച്ച എട്ടാം നൂറ്റാണ്ടിൽ ജീവിച്ച ഇബ്നു അബിൽഇസ്സ് പറയുന്നത് കാണുക:

وَاخْتَلَفَتْ فِي الْعِبَادَاتِ الْبَدَنِيَّةِ كَالصَّوْمِ وَالصَّلاَةِ وَقِرَاءَةِ الْقُرْآنِ وَالذِّكْرِ فَذَهَبَ أَبُو حَنِيفَةَ وَأَحْمَدُ وَجُمْهُورُ السَّلَفِ إِلَى وُصُولِهَا، وَالْمَشْهُورُ مِنْ مَذْهَبِ الشَّافِعِيِّ وَمَالِكٍ عَدْمُ وُصُولِهَا. **(شَرَحُ الْعَقِيدَةِ الطَّحَاوِيَّةِ:664/2) لِابْنِ أَبِي الْعِزِّ-792هـ**

“നോമ്പ്, നിസ്കാരം, ഖുർആൻ പാരായണം ദിക്റ്, പോലെയുള്ള ശരീരംകൊണ്ട് ചെയ്യപ്പെടു ന്ന കർമ്മങ്ങളിൽ ഇമാമുകൾക്ക് വ്യത്യസ്ത വീക്ഷണമാണുള്ളത്. ഇമാം അബൂ

Sunnahclub.in

ഹനീഫ(റ)യും ഇമാം അഹ്,മദ്(റ)യും സലഫു കളിൽ ഭൂരിഭാഗം ഇമാമുകളും പറഞ്ഞിട്ടുള്ളത് കർമ്മങ്ങളുടെ പ്രതി ഫലം മരണപ്പെട്ടവരിലേക്ക് ചേരും എന്നാണ്. ഇമാം മാലിക് (റ) ഇമാം ശാഫിഇൗ(റ) എന്നിവരെ തൊട്ട് പ്രസിദ്ധമായത് മര ണപ്പെട്ടവരിലേക്ക് ചേരില്ലാ എന്നുമാണ്. **(ശറഹുൽ അഖീദ അത്ത്വഹാവിയ്യ:2/664)**

ഇമാം ശാഫിഇൗ(റ)യും മറ്റും മയ്യിത്തിലേക്ക് ചേരില്ലെന്ന് പറഞ്ഞതിന്റെ ഉദ്ധേശം മുമ്പ് നാം വിവരിച്ചതാണ്. ഏതായാലും മരണപ്പെട്ടവർക്ക് ഖുർആൻ പാരായണമടക്ക മുള്ള സൽകർമ്മങ്ങൾ മരണപ്പെട്ടവരിലേക്ക് ചേരുകയും അവർക്ക് ഉപകരിക്കുക യും ചെയ്യുമെന്ന് പഠിപ്പിക്കുകയാണ് ഇവിടെ ഇബ്നു അബിൽ ഇസ്സ് ചെയ്തിട്ടുള്ളത്.

തുടർന്ന് വിശദമായി ചർച്ച ചെയ്തു കൊണ്ട് പുത്തനാ ശയക്കാർ മരണപ്പെട്ടവർക്ക് മറ്റുള്ളവർ ചെയ്യുന്ന കർമ്മങ്ങൾ കൊണ്ട് ഉപകാരം ലഭിക്കില്ലെന്ന് പറയാനായി എപ്പോഴും തെളിവിദ്ദരിക്കാറുള്ള ഹദീസ് വിശദീകരിച്ചു കൊണ്ട് ഇബ്നു അബിൽ ഇസ്സ് പറയുന്നു:

وَأَمَّا اسْتِدْلاَلُهُمْ بِقَوْلِهِ صَلىَّ اللهُ عَلَيْهِ وَسَلَّمِ: (إِذَا مَاتَ ابْنُ آدَمَ انْقَطَعَ عَمَلُهُ) اِسْتِدْلَالٌ سَاقِطٌ فَإِنَّه لَمْ يَقُلْ اِنْقَطَعَ انْتِفَاعُهُ، وَإِنَّمَا أَخْبَرَ عنِ انْقِطَاعِ عَمَلِهِ، وَأَمَّا عَمَلُ غَيْرِهِ فَهُوَ لِعَامِلِهِ فَإِنْ وَهَبَهُ لَهُ وَصَلَ إِلَيْهِ ثَوَابُ عَمَلِ ٱلعَامِلِ، لاَ ثَوَابَ عَمَلِهِ هُوَ، وَهَذَا كَالدَّيْنِ يُوفِيهِ الْإِنْسَانُ عَنْ غَيْرِهِ- الخ. **(شَرَحُ الْعَقِيدَةِ الطَّحَاوِيَّةِ:671/2) لابن أبي العز.**

"മനുഷ്യൻ മരണപ്പെട്ടാൽ അവന്റെ കർമ്മങ്ങൾ മുറിഞ്ഞു പോയി" എന്ന നബി(സ്വ)യുടെ ഹദീസ് കൊണ്ട് മരണപ്പെ ട്ടവർക്ക് സൽകർമ്മങ്ങളെ കൊണ്ട് ഉപകരിക്കുകയില്ലെന്ന് അവർ തെളിവു പിടിച്ചത് ശരിയല്ലാത്തതാണ്. കാരണം

നിശ്ചയം നബി(സ്വ) പറഞ്ഞ കർമ്മങ്ങൾ നിലച്ചുവെന്നാണ്. അല്ലാതെ കർമ്മങ്ങൾ ഉപകരിക്കുകയില്ലാ എന്നല്ല. മരണപ്പെട്ടവന്റെ കർമ്മങ്ങൾ പ്രവർത്തിക്കൽ നിലച്ചുവെന്നേ നബി (സ്വ) പറഞ്ഞിട്ടുള്ളൂ, അപ്പോൾ മറ്റുള്ളവർ ചെയ്യുന്ന കർമ്മങ്ങൾ ആ കർമ്മം ചെയ്തവർക്കുള്ളത് തന്നെയാണ്, അതിനെ മരണപ്പെട്ടവർക്ക് ദാനം ചെയ്താൽ ആ കർമ്മത്തിനു ലഭിക്കുന്ന തുല്യഫലം മയ്യിത്തിലേക്ക് ചേരുന്നതാണ്, ആ കർമ്മം ചെയ്തതിന്റെ പ്രതിഫലം ചെയ്യുന്നവനിക്കാണ്, ഇത് ഒരാൾ മറ്റൊരാളെ തൊട്ട് വീട്ടുന്ന കടം പോലെയാണ്". **(ശറഹുൽ അഖീദ അത്ത്വഹാവിയ്യ:2/671)**

## സൗദീ ഗവൺമെന്റിന്റെ ആധികാരിക ഗ്രന്ഥം:

സൗദീ ഭരണകൂടം മത വിധികൾ ഫത്,വ നൽകാനും കർമ്മശാസ്ത്ര വിഷയങ്ങൾ പഠിപ്പിക്കാനുമായി അവലംബമാക്കുന്ന ഗ്രന്ഥത്തിൽ ഹിജ്റ:968.ൽ മരണപ്പെട്ട ശറഫുദ്ദീൻ അൽഹജ്ജാവീ എന്ന പണ്ഡിതൻ പറയുന്നത് കൂടി ഉദ്ധരിക്കാം.

وَلاَ تُكْرَهُ الْقِرَاءَةُ عَلىَ الْقَبْرِ وَفِي الْمَقْبَرَةِ بَلْ تُسْتَحَبُّ، وَكُلُّ قُرْبَةٍ فَعَلَهَا الْمُسْلِمُ وَجَعَلَ ثَوَابَهَا أَوْبَعْضَهُ كَالنِّصْفِ وَنَحْوِهِ لِمُسْلِمٍ حَيٍّ أَوْ مَيِّتٍ جَازَ وَنَفَعَهُ ذَلِكَ، لِحُصُولِ الثَّوَابِ لَهُ، حَتَّى لِرَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمْ -الخ. **(أَلْإِقْنَاعُ لِطَالِبِ الْإِنْتِفَاعِ:374/1) لِلْحَجَّاوِي-968هـ**

"മരണപ്പെട്ടവർക്ക് വേണ്ടി ഖബ്റിന്നരികിൽ വെച്ചും മഖ്ബറയിൽ വെച്ചും ഖുർആൻ പാരായണം ചെയ്യൽ കറാഹത്തില്ല. എന്നല്ല അങ്ങിനെ ഖുർആൻപാരായണം ചെയ്യൽ സുന്നത്താക്കപ്പെടും. ഒരു മുസ്,ലിം ഒരു കർമ്മം ചെയ്യുകയും അതിന്റെ പ്രതിഫലം ജീവിച്ചിരിക്കുന്നവർക്കോ മരണപ്പെട്ടവർക്കോ പൂർണ്ണമായോ അല്ലെങ്കിൽ പ്രതിഫലത്തിന്റെ

Sunnahclub.in

പകുതിയോ ദാനം ചെയ്യുന്നത് അനുവദനീയവും, അത്കൊണ്ട് മരണപ്പെട്ടവർക്കും അല്ലെങ്കിൽ ജീവിച്ചിരിക്കുന്നവർക്കും ഉപകാരം ലഭിക്കുന്നതുമാണ്. മഹാനായ റസൂലുല്ലാഹി (സ്വ) വരേക്കും എത്തുന്നതുമാണ്. **(അൽ ഇഖ്നാഉ ലി ത്വാലിബിൽ ഇന്,തിഫാഇ:1/374)**

പുത്തനാശയക്കാരുടെ നേതാക്കൾ പോലും മരണപ്പെട്ടവർക്കു വേണ്ടി ഖുർആൻ പാരായണം ചെയ്താൽ ഉപകരിക്കുമെന്നു പഠിപ്പിച്ചിട്ടും അതു പോലും അംഗീകരിക്കാതെ സ്വന്തം ഇച്ഛക്കും ബുദ്ധിക്കും തോന്നുന്നത് പറഞ്ഞുകൊണ്ട് പൊതു ജനങ്ങളെ വഞ്ചിക്കുകയാണ് പുത്തൻ വാദികൾ ചെയ്തു കൊണ്ടിരിക്കുന്നത്.

ചുരുക്കത്തിൽ ഇസ്,ലാകിക കർമ്മശാസ്ത്ര സരണിയായ നാലു മദ്ഹബിലും മരണപ്പെട്ടവർക്കു വേണ്ടി ഖുർആൻ പാരായണം ചെയ്താൽ അതുകൊണ്ട് ഉപകാരം ലഭിക്കുമെന്നു തന്നെയാണു പഠിപ്പിച്ചിട്ടുള്ളത്. മരണപ്പെട്ടവരിലേക്കു ചേരുകയില്ലെന്ന് ഇമാം ശാഫിഈ(റ)യും ശാഫിഈ മദ്ഹബും മറ്റും പറഞ്ഞത് ഉപകരിക്കുകയില്ലെന്ന അർത്ഥത്തിലല്ല. മറിച്ച് മുമ്പ് വിവരിച്ച വീക്ഷണ വ്യത്യാസം മാത്രമാണതിലുള്ളത്. അഥവാ ഒരാൾ മരണപ്പെട്ട വ്യക്തിയെ ഉദ്ധേശിച്ചു കൊണ്ട് ഖുർആൻ പാരായണം ചെയ്താൽ തന്നെ അതിന്റെ പ്രതിഫലം മയ്യിത്തിലേക്ക് ചേരും എന്നാണു ഒരു വീക്ഷണം. അല്ല അങ്ങിനെ പാരായണം ചെയ്തതു കൊണ്ട് മാത്രം മയ്യിലേക്ക് ചേരില്ല. അതോടൊപ്പം ദാനം ചെയ്യുകയും അത് സ്വീകരിക്കാൻ വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം എന്നതാണ് രണ്ടാമത്തെ വീക്ഷണം. എങ്ങിനെയായാലും ഖുർആൻ പാരായണം കൊണ്ട് മരണപ്പെട്ടവർക്ക് ഉപകാരം ലഭിക്കും എന്നു തന്നെയാണ് നാലു മദ്ഹബിന്റെ ഇമാമുകളും പഠിപ്പിക്കുന്നത്.

Sunnahclub.in

# ഖുർആൻ ഓതി കൂലി വാങ്ങാമോ?

ഇമാം ബുഖാരി(റ) സ്വഹീഹുൽ ബുഖാരിയിൽ പല തവണ ആവർത്തിച്ചു ഉദ്ധരിച്ച ഒരു ഹദീസ് കാണുക.

٥٧٣٦ - حَدَّثَنِي مُحَمَّدُ بْنُ بَشَّارٍ: حَدَّثَنَا غُنْدَرٌ: حَدَّثَنَا شُعْبَةُ، عَنْ أَبِي بِشْرٍ، عَنْ أَبِي الْمُتَوَكِّلِ، عَنْ أَبِي سَعِيدٍ الْخُدْرِيِّ □: «أَنَّ نَاسًا مِنْ أَصْحَابِ النَّبِيِّ ﷺ أَتَوْا عَلَى حَيٍّ مِنْ أَحْيَاءِ الْعَرَبِ، فَلَمْ يَقْرُوهُمْ، فَبَيْنَمَا هُمْ كَذَلِكَ إِذْ لُدِغَ سَيِّدُ أُولَئِكَ، فَقَالُوا: هَلْ مَعَكُمْ مِنْ دَوَاءٍ أَوْ رَاقٍ، فَقَالُوا: إِنَّكُمْ لَمْ تَقْرُونَا، وَلَا نَفْعَلُ حَتَّى تَجْعَلُوا لَنَا جُعْلًا، فَجَعَلُوا لَهُمْ قَطِيعًا مِنَ الشَّاءِ، فَجَعَلَ يَقْرَأُ بِأُمِّ الْقُرْآنِ وَيَجْمَعُ بُزَاقَهُ وَيَتْفُلُ، فَبَرَأَ، فَأَتَوْا بِالشَّاءِ، فَقَالُوا: لَا نَأْخُذُهُ حَتَّى نَسْأَلَ النَّبِيَّ ﷺ، فَسَأَلُوهُ فَضَحِكَ وَقَالَ: وَمَا أَدْرَاكَ أَنَّهَا رُقْيَةٌ؟ خُذُوهَا وَاضْرِبُوا لِي بِسَهْمٍ. **( صحيح البخاري: ٢١٥٦, ٥٤٠٤, ٥٤١٧)**

സ്വഹാബത്തിൽ നിന്നൊരു നിന്നൊരു കൂട്ടം അറബി കളിലെ ഒരു വിഭാഗം ജനങ്ങളുടെ അടുക്കൽ പോയി. അവിടെ എത്തിയപ്പോൾ അവർ ഈ സ്വഹാബത്തിനെ വേണ്ട വിധത്തിൽ പരിഗണിച്ചില്ല. അങ്ങനെയിരിക്കെ ആ

അറബികളുടെ നേതാവിന് പെട്ടെന്നൊരു പാമ്പു കടി യേറ്റു. അവർ സ്വഹാബത്തിനെ സമീപ്പിച്ചു ചോദിച്ചു "നിങ്ങളുടെ കൂടെ ചികിത്സിക്കാനോ മന്ത്രിക്കാനോ കഴിയുന്ന ആരെങ്കിലു മുണ്ടോ.?" സ്വഹാബത്ത് പറഞ്ഞു. "നിങ്ങൾ ഞങ്ങളെ ഇതു വരെ ഒരു നിലക്കും പരിഗണിക്കുക പോലും ചെയ്തിട്ടില്ലല്ലോ.? അത് കൊണ്ട് നിങ്ങൾ പ്രതിഫലമായി വല്ലതും തരികയാ ണെങ്കിൽ ഞങ്ങൾ പരിഹരിച്ചു തരാം." അവർ സമ്മതിച്ചു കൊണ്ട് പറഞ്ഞു. "രോഗം സുഖപ്പെടുത്തിയാൽ ഞങ്ങൾ നിങ്ങൾക്കു ആടുകളെ പ്രതിഫലമായി നൽകാം." അങ്ങനെ ഒരു സ്വഹാബി ഫാത്തിഹ സൂറത്ത് ഓതുകയും തന്റെ ഉമിനീ ർ തുപ്പികൊണ്ട് മന്ത്രിക്കുകയും രോഗം സുഖപ്പെടുകയും ചെയ്തു. അവർ വാഗ്ദാനം ചെയ്ത ആടുകളുമായി എത്തി. അപ്പോൾ സ്വഹാബികൾ പറഞ്ഞു: "ഞങ്ങൾ മുത്ത് നബി(സ്വ)യോട് ചോദിക്കാതെ ഈ പ്രതിഫലം വാങ്ങുക യില്ല." അങ്ങനെ മുത്ത് നബി(സ)യോട് അതേ കുറിച്ചു ചോദിച്ചു. അവിടുന്ന് ചിരിക്കുയുണ്ടായി. എന്നിട്ട് പറ ഞ്ഞു. "നിങ്ങളെന്താ കരുതിയത് ഇത് മന്ത്രമല്ലെ.? പ്രതി ഫലമായി കിട്ടിയത് വാങ്ങിക്കൊള്ളൂ... എനിക്കതിൽ നി ന്നൊരു ഓഹരിയും കൊണ്ട്തരൂ.."**(ബുഖാരി:2156, 5404, 5417)**

ഈ സംഭവം ഖുർആൻ ഓതി അതിന് പ്രതിഫലം ചോദിച്ചു വാങ്ങാമെന്നതിന് വരെ വ്യക്തമായ തെളിവാണ്. സ്വഹാബത്ത് ഖുർആനോതിയതിന് ചോദിച്ചു വാങ്ങിയ വലി യൊരു പ്രതിഫലത്തെയാണ് നബി(സ) അംഗീകരിച്ചു സമ്മതം നൽകിയത്.

ഇനി കർമ്മശാസ്ത്ര പണ്ഡിതരുടെ ഈ വിഷയത്തിലെ വീക്ഷണം കൂടി നോക്കാം. ശൈഖ് സൈനുദ്ധീൻ മഖ്ദൂം(റ) പറയുന്നു.

Sunnahclub.in

قال شيخنا في شرح المنهاج: يصح الاستئجار لقراءة القرآن عند القبر أو مع الدعاء بمثل ما حصل له من الأجر له (**فتح المعين ٣٧٦**)

ഇമാം ഇബ്നു ഹജറുൽ ഹൈഥമി(റ) തുഹ്ഫയിൽ പറഞ്ഞു. “ഖബറിന്റെ പരിസരത്തു വെച്ച് ഖുർആൻ ഓതുന്നതിനും അല്ലെങ്കിൽ ഓതിയ ശേഷം അതിന്റെ തുല്യ പ്രതിഫലം മയ്യിത്തിന് നൽകുവാൻ വേണ്ടി ദുആ ചെയ്യലോടു കൂടെയും കൂലി വാങ്ങൽ സ്വഹീഹാകുന്നതാണ്.” **(ഫത്ഹുൽ മുഈൻ:376)**